## 7. RESOLUTION No. 1.

### Enquiry into the allegations raised against the Health Minister Shri B. Wellingdon

**Mr. Speaker :** The first resolution is in the name of Shri E. Chandrasekharan Nair. He can move that.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു.

"ആരോഗ്യമന്ത്രി ശ്രീ. ബി. വെല്ലിംഗ്ടനെതിരായി നിയമസഭയിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള അഴിമതി ആരോപണങ്ങളെപ്പറ്റി അന്വേഷണം നടത്താൻ 1952-ലെ കമ്മിഷൻ ആഫ് എൻക്വയറി ആക്ട്പ്രകാരം ഒരു ഹൈക്കോടതി ജഡ്ജിയേയോ, റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയേയോ എൻക്വയറി കമ്മിഷനായി 18-10-1969 നകം നിയമിക്കണമെന്നും ഈ സഭ ഗവണ്മെന്റിനോട് അഭ്യർത്ഥിക്കുന്നു" എന്നുള്ളതാണ് എന്റെ പ്രമേയം.

സർ, ഒട്ടും സന്തോഷകരമായ ഒരു കാര്യമല്ല ഞാൻ നിർവ്വഹിക്കുന്നതെന്നുള്ളതു് ആദ്യമായി പറഞ്ഞുകൊള്ളട്ടെ. ബഹുമാനപ്പെട്ട വെല്ലിംഗ്ടന്റെ പേരിൽ വ്യക്തിപരമായി ഞാൻ ഒരു ആരോപണവും ഉന്നയിച്ചിട്ടില്ല. എന്റെ കക്ഷിയിൽപ്പെട്ടവർ ഉന്നയിച്ചിട്ടില്ല. പക്ഷേ, ഐക്യമുന്നണിയിൽപ്പെട്ട ഘടകകക്ഷികളെല്ലാംകൂടി ചേർന്നു് ഒരു പരിപാടി അംഗീകരിച്ചപ്പോൾ ഈ നാട്ടിലെ ആളുകൾക്കു് അഴിമതിയില്ലാത്ത സംശുദ്ധമായ ഒരു ഭരണം വാഗ്ദാനം ചെയ്തിരുന്നു. അഴിമതി നടത്തിയോ ഇല്ലയോ എന്നുള്ളതല്ല പ്രശ്നം. ഈ നാട്ടിലെ സാധാരണക്കാരായ ജനങ്ങൾക്കു് അഴിമതിയില്ലാത്ത സംശുദ്ധമായ ഒരു ഭരണം നൽകുന്നതിനുവേണ്ടി ഞങ്ങളുടെ കഴിവനുസരിച്ചു് പ്രവർത്തിക്കുന്നുണ്ടെന്നു് ബോദ്ധ്യപ്പെടുത്തേണ്ടതായിട്ടുണ്ടു്. ചിലപ്പോൾ സത്യസന്ധനും ക്രൂശിക്കപ്പെട്ട എന്നുവരാം. ചിലപ്പോൾ ഉന്നതന്മാർ പരിഹാസത്തിനും പരീക്ഷണത്തിനും വിധേയരാകേണ്ടി വന്നേക്കാം. പക്ഷേ ജനങ്ങളോടു് ചെയ്ത വാഗ്ദാനം നാം നിറവേറ്റണം. സത്യസന്ധമായി പ്രവർത്തിക്കുന്ന മന്ത്രിയുടെ നേരേ വെറുതേ ശത്രുക്കൾ കൊണ്ടുവരുന്ന ആരോപണങ്ങളാണെങ്കിൽപ്പോലും ഈ രാജ്യത്തിലെ വലിയൊരു വിഭാഗം ജനങ്ങളിൽ തെറ്റിദ്ധാരണ ഉണ്ടായിട്ടുണ്ടു്. തെറ്റായിട്ടോ ശരിയായിട്ടോ അഴിമതികളുണ്ടെന്നു ഒരു ധാരണ ഇന്നു നാട്ടിലുണ്ടായിട്ടുണ്ടു്. അതു പരിഹരിക്കുന്നതിനും ഈ ഐക്യമുന്നണി ജനങ്ങളോടു പ്രഖ്യാപിച്ച പരിപാടികൾ (കാർഷിക പരിഷ്കരണം നടപ്പിലാക്കുമെന്നും മറ്റുള്ള പലതും നടപ്പിലാക്കുമെന്നും പ്രഖ്യാപിച്ചിട്ടുള്ളതു്) നടപ്പിലാക്കുന്നതിനാവശ്യമായ രീതിയിൽ ഇതിനെ സംബന്ധിച്ചെല്ലാം ഒരന്വേഷണം വിധേയനാകാൻ ആരോഗ്യമന്ത്രി തയ്യാറാകണമെന്നുള്ള നിലയിലായിരുന്നു ഞങ്ങൾ ആദ്യം ആവശ്യം ഉന്നയിച്ചിരുന്നതു്. സ്വന്തം നിലയിൽ അന്വേഷണത്തിനു തയ്യാറാകുകയാണു് ഇന്നും ഏറ്റവും നല്ലതെന്നാണു് എന്റെ അഭിപ്രായം. പക്ഷേ അതനുസരിച്ചുള്ള ഒരു സമീപനത്തിന്റെ കാര്യത്തിൽ ഘടകകക്ഷികൾ തമ്മിൽ യോജിപ്പുണ്ടാകാതിരുന്നതുകൊണ്ടു് അതിനെ സംബന്ധിച്ചു് വ്യക്തമായ ഒരു ധാരണ എല്ലാ കക്ഷികളിലും പൊതുവിൽ ഉണ്ടാകണമെന്നുള്ളതാണു് ഈ സഭയിൽത്തന്നെ ആദ്യം ഉന്നയിക്കപ്പെട്ടിരുന്നതു്. ഈ സഭയിലെ പ്രതിപക്ഷ അംഗങ്ങളുടെയും അഭിപ്രായഗതിയാണു് എന്നു വ്യക്തമാക്കിക്കൊണ്ടു് വലിയൊരുവിഭാഗം എം. എൽ. എ. മാർ ഈ ആരോപണങ്ങളെ സംബന്ധിച്ചും അദ്ദേഹത്തിനെതിരായി പറഞ്ഞ സംഗതികളെ സംബന്ധിച്ചുമെല്ലാം അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടു് ആഭ്യന്തരമന്ത്രിക്കും ഗവണ്മെന്റിനും നിവേദനം സമർപ്പിച്ചിട്ടുള്ളതു്. ആദ്യം ഈ ആരോപണങ്ങളും ഉന്നയിച്ചപ്പോൾ അതിനെതിരായി ആരോഗ്യമന്ത്രി പറഞ്ഞ സമാധാനങ്ങളെല്ലാം കേട്ടതിനുശേഷം അതു് സംശയങ്ങളും ദൂരീകരിക്കപ്പെട്ടിട്ടില്ലാത്തതുകൊണ്ടാണു് ഒരു വിഭാഗം എം. എൽ. എ. മാർ

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണം ആവശ്യപ്പെട്ടിട്ടുള്ളതു്. സാധാരണഗതിയിൽ ഒരു പ്രഥമദൃഷ്ട്യാ കേസ്സിന്റെ പ്രശ്നം വരുമെങ്കിലും ഒരന്വേഷണത്തിനു വിടണമെന്നു് അഴിമതി നിരോധന ബില്ലിന്റെ ചർച്ചാവേളയിലും ഞാൻ ഉന്നയിച്ചിട്ടുള്ളതാണു്. അന്നു് അഴിമതി നിരോധനബില്ലിനെ സംബന്ധിച്ചുള്ള അവസാന ചർച്ചയിൽ പങ്കെടുത്തുകൊണ്ടു് മുഖ്യമന്ത്രി തന്നെ പറയുകയുണ്ടായി, ഇന്നു നമ്മുടെ രാജ്യത്തു് ആകെ അഴിമതിയെ സംബന്ധിച്ചുള്ള സംഭാഷണമുണ്ടെന്നു്. അതുകൊണ്ടു് അഴിമതി ചെയ്യാതിരുന്നാൽ മാത്രം പോരാ അഴിമതി ചെയ്യുന്നില്ലെന്നു് ജനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ട സാഹചര്യംകൂടി ഉണ്ടാകണം, അതുകൊണ്ടാണു് നിയമത്തിൽ പോരായ്മകളുണ്ടെന്നു് പറഞ്ഞപ്പോഴും അദ്ദേഹം തന്നെ പറഞ്ഞിട്ടുള്ളതു് ജനങ്ങളെ ബോദ്ധ്യപ്പെടുത്തത്തക്ക രീതിയിൽ ഒരു നടപടിക്രമം ആവിഷ്ക്കരിക്കണമെന്നു്. അതുകൊണ്ടാണു് നിയമത്തിൽത്തന്നെ മന്ത്രിമാരും അന്വേഷിക്കാതെ ചീഫ്സെക്രട്ടറിയുടെ കൈയിൽ പെറ്റീഷൻ കൊടുത്താൽ അന്വേഷണത്തിനു് വിടണമെന്നു് വച്ചിരിക്കുന്നതെന്നും അദ്ദേഹം പറയുകയുണ്ടായി. എനിക്കു് ആരോഗ്യമന്ത്രിയോടു് യാതൊരുവിധ വ്യക്തിപരമായ അസുഖവും ഇല്ല. എന്റെ പാർട്ടിക്കുമില്ല. ഇതിനെ സംബന്ധിച്ചിടത്തോളം അദ്ദേഹം തന്നെ സ്വയം ഒരു തീരുമാനമെടുത്തു് ഒരന്വേഷണത്തിനു വിധേയനാകുകയായിരിക്കും നല്ലതു്. ഇത്തരത്തിലുള്ള ഒരന്വേഷണത്തിനു് ഫുർപ്പാടുണ്ടാക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയം. സഭയുടെ എല്ലാഭാഗത്തു നിന്നും പിന്താങ്ങുമെന്നുള്ള പ്രതീക്ഷയോടുകൂടി അവതരിപ്പിക്കുന്നു. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ബേബിജോൺ : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. ഈ പ്രമേയത്തെ പിന്താങ്ങിക്കൊണ്ടു് രണ്ടു വാക്കു അങ്ങയുടെ അനുവാദത്തോടുകൂടി പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ പ്രമേയം ഈ നിയമസഭയിൽ ഇങ്ങനെ അവതരിപ്പിക്കുവാൻ ഇടയായ സാഹചര്യത്തെക്കുറിച്ചു് വിശദീകരിക്കണമെന്നു ഞാൻ കരുതുന്നില്ല, ഈ പ്രമേയത്തിനു ഞാൻ പിന്തുണ നൽകാനുള്ള കാരണം ഞാനും എന്റെ കക്ഷിയും ആത്മാർത്ഥമായി വിശ്വസിക്കുന്ന ഐക്യമുന്നണിയുടെ ഭരണം സംശുദ്ധമായിരിക്കണമെന്നും ഐക്യമുന്നണി മന്ത്രിമാർ സംശയത്തിനു് അതീതരായി കഴിയണമെന്നുമുള്ളതുകൊണ്ടാണു്. ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി ശ്രീ. ബി. വെല്ലിംഗ്ടണിനു് എതിരായി ഈ നിയമസഭയിൽ പല ആരോപണങ്ങളും പൊന്തിവന്നിട്ടുണ്ടു്. ആരോപണങ്ങൾ ശരിയാകാം. തെറ്റാകാം, അതിന്റെ നിജസ്ഥിതിയിലേക്കു് ഞാൻ കടക്കുന്നില്ല. ഈ ആരോപണങ്ങളെല്ലാം തെറ്റാകട്ടെ എന്നാണു് എന്റെ ആഗ്രഹം. പക്ഷേ ഈ ആരോപണങ്ങളുടെ നിഴലിൽ നിന്നുകൊണ്ടു് ഈ രാജ്യത്തെ തൊഴിലാളിവർഗ്ഗം അവരുടെ രക്തവും മാംസവും ജീവനംകൊണ്ടു് കെട്ടിപ്പടുത്ത ഐക്യമുന്നണി മന്ത്രിസഭ കഴിയുകയെന്നുള്ളതു് തൊഴിലാളിവർഗ്ഗത്തോടു ചെയ്യുന്ന ഏറ്റവും വലിയ അനീതിയാണെന്നുള്ളതുകൊണ്ടാണു് ഇതിനെ സംബന്ധിച്ചു് ഒരന്വേഷണം വേണമെന്നു് ഞങ്ങളും ആവശ്യപ്പെടുന്നതു്. ഇതിനെ സംബന്ധിച്ചു് അന്വേഷണം വേണമെന്നു് ഞങ്ങളും ആവശ്യപ്പെടുമ്പോൾ പല രീതിയിലുള്ള അഭിപ്രായഗതികളും ഇവിടെ പൊന്തിവന്നിട്ടുണ്ടു്. അതിനൊന്നും ഞാൻ മറുപടി പറയുന്നില്ല. സംശുദ്ധമായ ഒരു ഭരണമാണു് ഐക്യമുന്നണി മന്ത്രിസഭ ജനങ്ങൾക്കു നൽകുന്നതെന്നുള്ള വിശ്വാസം ജനങ്ങളിൽ ഉണ്ടാക്കാൻവേണ്ടി മാത്രമാണു് ഞങ്ങളും ഈ ആരോപണങ്ങളെ സംബന്ധിച്ചിടത്തോളം അന്വേഷിക്കണമെന്നു് ആവശ്യപ്പെടുന്നതു്. തീർച്ചയായും ഇതിൽ അഭിപ്രായവ്യത്യാസമുള്ള കക്ഷികളും ഈ നിയമസഭയിൽ കാണുകയില്ലെന്നാണു് എന്റെ വിശ്വാസം. ഏതൊരു മന്ത്രിയുടെ പേരിലായാലും ആരോപണമുണ്ടായാൽ അതിനെ സംബന്ധിച്ചു് അന്വേഷിക്കണമെന്നു പറയുമ്പോൾ തീർച്ചയായും ആരെങ്കിലും അതിനെതിരായി അഭിപ്രായം പറയുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഒരുപക്ഷേ പ്രമേയത്തിന്റെ നിയമവശങ്ങളെ സംബന്ധിച്ചോ സാങ്കേതിക വശങ്ങളെ സംബന്ധിച്ചോ എല്ലാം അഭിപ്രായങ്ങളും ഉന്നയിച്ചാലും ആരോപണത്തെ



LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് അന്വേഷിക്കണമെന്ന പറയുമ്പോൾ അന്വേഷിക്കുകയില്ലെന്ന ഒരു കക്ഷിയും ശാഠ്യം പിടിക്കുകയില്ലെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് ഈയവസരത്തിൽ എനിക്ക് ഈ സഭയോട് അപേക്ഷിക്കുവാനുള്ളത് .....

ശ്രീ. പി. ഗോവിന്ദപ്പിള്ള : അഴിമതിയോടാണ് വിരോധമെങ്കിൽ ഒരു മന്ത്രിയുടെ കാര്യത്തിൽ മാത്രം എന്താണിത്ര പ്രത്യേകത കാണിക്കുന്നത് ; മറ്റു മന്ത്രിമാരുടെ പേരിലും അഴിമതിയാരോപണങ്ങൾ വന്നിട്ടുണ്ടല്ലോ ?

ശ്രീ. ബേബിജോൺ: ആരുടെ പേരിൽ ആരോപണം വന്നാലും അന്വേഷണം നടത്തണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. എന്റെ കക്ഷിയുടെയും അഭിപ്രായം അതുതന്നെയാണ്. ബഹുമാനപ്പെട്ട ഗോവിന്ദപ്പിള്ളയ്ക്ക് അറിഞ്ഞുകൂടേ ഒരു നിയമസഭാ മെമ്പർ അല്പാതിരുന്നിട്ടപോലും ഒരു ഘടകകക്ഷിയുടെ ഒരു സെക്രട്ടറി എന്റെ പാർട്ടിയുടെ മന്ത്രിയുടെ പേരിൽ ആരോപണം ഉന്നയിച്ചപ്പോൾ കമ്മിഷൻ ഓഫ് എൻക്വയറീസ് ആക്ട് അനുസരിച്ച് അന്വേഷിക്കണമെന്ന് ഗവണ്മെന്റിലേക്ക് എഴുതിക്കൊടുക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്ത വസ്തുത ? ശ്രീ. ഗോവിന്ദപ്പിള്ളയ്ക്ക് അതറിയാമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. മാറാപ്പള്ളി മജീദ് : അഴിമതിക്കു വിധേയരായ എല്ലാ മന്ത്രിമാരെയും സംബന്ധിച്ച് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. അതനുസരിച്ചുള്ള ഭേദഗതി വന്നാൽ അതിനെ സ്വാഗതം ചെയ്യുമോ ?

ശ്രീ. ബേബിജോൺ : അഴിമതിക്കു വിധേയരായ ആളുകളെപ്പറ്റി അന്വേഷണം വേണമെന്ന കാര്യത്തിൽ ഞങ്ങൾ ഉറച്ചു നിൽക്കുകയാണ്. ഇവിടെ എന്താണ് പ്രശ്നം ? ഇവിടെയുള്ള പ്രശ്നം അതല്ല. ആരോപണങ്ങളുടെ നിജസ്ഥിതിയെക്കുറിച്ച് ഞാൻ ഒന്നുംതന്നെ പറയുന്നില്ല. ഈ രാജ്യത്തെ തൊഴിലാളിവർഗ്ഗത്തിനിടയിൽ വളരെയധികം സ്വാധീനമുള്ള ഒരു പാർട്ടി, സോഷ്യലിസ്റ്റു സാമൂഹ്യക്രമം പടുത്തുയർത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു പാർട്ടി ഒരു മന്ത്രിയുടെ മേൽ ആരോപണങ്ങൾ ഉന്നയിക്കുന്നതിനുവേണ്ടി തെളിവുകളും തേടി നടക്കാൻ സ്വന്തം പാർട്ടിയിലെ എം. എൽ. എ. മാരെ ചുമതലപ്പെടുത്തിയ ലജ്ജാകരമായ ഒരു സ്ഥിതിവിശേഷം ഈ ഐക്യമുന്നണിയിലെ ഒരു പാർട്ടിക്കുണ്ടായി എന്നുള്ളതാണ് അപമാനകരമാണ്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : വളരെ മുൻപുതന്നെ ഈ ആരോപണങ്ങൾ ഞങ്ങൾ ഉന്നയിച്ചിട്ടുള്ളതായി ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. പി. ഗോവിന്ദപ്പിള്ള : തെളിവുകൾ ശേഖരിക്കാതെ പിന്നെ സ്വന്തമായി ഉണ്ടാക്കുകയാണോ ചെയ്യുന്നത്.

(പല മെമ്പറന്മാരും എഴുന്നേറ്റ് ഉച്ചത്തിൽ അവ്യക്തമായ പലതും പറയുന്നുണ്ടായിരുന്നു.)

മി. സ്പീക്കർ : ഓർഡർ, ഓർഡർ.

ശ്രീ. ബേബിജോൺ : അതുകൊണ്ട് ആരോഗ്യമന്ത്രി വെല്ലിംഗ്ടണിൽനിന്നിർദ്ദയി ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ച് അന്വേഷിക്കണമെന്നുള്ള പ്രമേയത്തെ പിന്താങ്ങുകയാണ്. ഈ സഭയുടെ അറിവിനുവേണ്ടി പറയുകയാണ്, നാളെ എല്ലാ മന്ത്രിമാരുടെയും പേരിൽ അന്വേഷണം വേണമെന്ന നിങ്ങൾ ഒരു പ്രമേയം കൊണ്ടുവരിക, ആ പ്രമേയത്തിനു പിന്തുണ നൽകാൻ എന്റെ കക്ഷി തയ്യാറായിരിക്കും. ഇത്രയും പറഞ്ഞുകൊണ്ട് പ്രമേയത്തെ ഒന്നുകൂടി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അങ്ങനെയാണെങ്കിൽ ആ വിധത്തിലുള്ള ഒരു പ്രമേയത്തിനു നോട്ടീസ് കൊടുക്കാത്തതു എന്തുകൊണ്ടാണ് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ : നിങ്ങളം കൊടുക്കുക. ഞങ്ങളം അതിനു് പിന്തുണ നൽകാൻ തയ്യാറാണു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : ഞങ്ങളം കൊടുത്തിരുന്ന ബാലറിൽ വന്നില്ല എന്നേയുള്ള.

ശ്രീ. ഇ. എം. ജോജ്ജു് : ഈ പ്രമേയത്തെ എതിർത്തുകൊണ്ടു് എനിക്കു സംസാരിക്കണം. അതിനു് എന്നെ അനുവദിക്കണം.

മി. സ്പീക്കർ : ഇവിടെ ധാരാളം ഭേദഗതികളം കിട്ടിയിട്ടുണ്ടു്. സാധാരണഗതിയിൽ ഭേദഗതികളം കൊടുത്തവർക്കു സംസാരിക്കാൻ സമയം നൽകേണ്ടതുണ്ടു്.

ശ്രീ. ഇ. എം. ജോജ്ജു് : എനിക്കു് എതിർത്താണു് സംസാരിക്കേണ്ടതു്. അനുകൂലിച്ചു സംസാരിക്കാൻ അനുവദിച്ചതുപോലെ എതിർത്തും സംസാരിക്കുവാൻ അനുവദിക്കണം.

മി. സ്പീക്കർ : എതിർക്കുന്നതിനുള്ള അവകാശം ബഹുമാനപ്പെട്ട മെമ്പർക്കുണ്ടു്. പക്ഷേ അസംബ്ലിയുടെ ഇതേവരെയുള്ള നടപടിക്രമംവച്ചു നോക്കിയാൽ പ്രമേയം അവതരിപ്പിക്കുകയും അതിനെ അനുകൂലിച്ചു സംസാരിക്കുകയും ചെയ്യും. അതിനു ശേഷം എതിർത്തും അനുകൂലിച്ചും എല്ലാം ഭേദഗതികളം കൊടുത്തുകൊണ്ടു് സംസാരിക്കാം. ഭേദഗതികളം കൊടുക്കുന്നതു് ഇന്നയിന്നതു് സ്വീകാര്യമാണെന്നും ഇന്നയിന്നതു് സ്വീകാര്യമല്ലെന്നും പറയും. അങ്ങനെ സ്പീക്കർ ഭേദഗതികളെപ്പറ്റി ഒരു തീരുമാനം എടുക്കും. അതിനുശേഷം സ്വീകരിക്കപ്പെടുന്നതായ ഭേദഗതികളം അവതരിപ്പിക്കാൻ അനുവാദം കൊടുക്കും. അതിനു ശേഷം എതിർത്തോ അനുകൂലിച്ചോ സംസാരിക്കാൻ സമയമുണ്ടെങ്കിൽ അനുവാദം കൊടുക്കും. ഇതാണു് ഇതുവരെയും പാലിച്ചുപോന്നിട്ടുള്ള നടപടിക്രമം. അതിൽ നിന്നും വ്യത്യസ്തമായി ഇപ്പോൾ എന്തെങ്കിലും നടപടി കൈക്കൊള്ളണമെന്നു ഞാൻ കരുതുന്നില്ല. ഇവിടെ അമൻറുമെൻറുകളം തന്ന മെമ്പർമാർക്കെല്ലാം തന്നെ സംസാരിക്കാൻ സാദ്ധ്യമല്ല. എല്ലാം അംഗീകരിക്കാനും സാദ്ധ്യമല്ല. പല അമൻറുമെൻറുകളും അംഗീകരിക്കാൻ നിവൃത്തിയില്ലാത്തതാണു്. ആ നിലയിൽ എതിർത്തു സംസാരിക്കുന്നതിനു സമയം തരാൻ നിവൃത്തിയില്ല.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : സർ, ഈ പ്രമേയത്തിനു് എതിരായി വോട്ടു ചെയ്യണമെന്നുള്ള ആളുകൾക്കു് അതിനു് അനുകൂലമായ പോയിൻറുകൾ കേൾക്കാനുള്ള സൗകര്യം ലഭിക്കണം. ഈ പ്രമേയത്തിനു കൊടുത്തിട്ടുള്ള ഭേദഗതികളാണെങ്കിൽ അതു് പ്രമേയത്തിൻറെ അടിസ്ഥാനത്തെ മാത്രം ബാധിക്കുന്നവയാണു്. നേരേമറിച്ചു് അടിസ്ഥാന തത്വങ്ങളെ എതിർത്തുകൊണ്ടു് ഒരാൾക്കു് സംസാരിക്കുവാനുള്ള അനുവാദം കൊടുക്കേണ്ടതാണു്. അതിൻറെ അടിസ്ഥാനത്തിൽവേണം ഞങ്ങൾക്കു് വോട്ടുചെയ്യേണ്ടതു്. അതുകൊണ്ടു് ശ്രീ. ഇ. എം. ജോജ്ജിനു് അതിനുള്ള സമയം അനുവദിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

മി. സ്പീക്കർ : സാധാരണയുള്ള നടപടിക്രമത്തിനു വിപരീതമായി അതിൽ നിന്നും വ്യതിചലിച്ചുകൊണ്ടു് പോകണമെന്നാണു് ഇപ്പോൾ പറയുന്നതു്. അങ്ങനെ പോകാൻ സാദ്ധ്യമല്ല. അമൻറുമെൻറുകളെല്ലാം അവതരിപ്പിച്ചതിനുശേഷം എതിർത്തു സംസാരിക്കാൻ സമയം ഉണ്ടെങ്കിൽ അനുവാദം തരാവുന്നതാണു്. സാധാരണ നടപടിക്രമത്തിനു വ്യത്യസ്തമായി ഇപ്പോൾ മാത്രം ചെയ്യണമെന്നു പറയുന്നതു് സ്വീകരിക്കുവാൻ സാദ്ധ്യമല്ല.

ശ്രീ. ഇ. എം. ജോജ്ജു് : ഇനി മുക്കാൽ മണിക്കൂർ സമയം മാത്രമാണുള്ളതു്. അതുകൊണ്ടു് അമൻറുമെൻറുകളം അവതരിപ്പിച്ചു സംസാരിക്കുവാൻ എനിക്കു പ്രായോഗികമായി സമയം കിട്ടുകയില്ല. അതുകൊണ്ടാണു് പ്രമേയത്തെ എതിർത്തുകൊണ്ടു് സംസാരിക്കുവാൻ എനിക്കു് അവസരം നൽകണമെന്നു പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : അതു തീർച്ചയായും കൊടുക്കേണ്ടതാണു്.

മി. സ്പീക്കർ : സമയം കിട്ടുകയാണെങ്കിൽ തരാമെന്നല്ലാതെ കൃത്യമായും തരാമെന്നു് ഞാൻ എങ്ങനെയാണു് ഏൽക്കുക ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : എതിർത്തു സംസാരിക്കുന്ന പതിവില്ലെന്നാണു് അങ്ങു പറയുന്നതു്. അനുകൂലിച്ചു സംസാരിക്കുകയാണു സാധാരണ പതിവെങ്കിലും സാധാരണ തരത്തിലുള്ള ഒരു പ്രമേയം അല്ല ഇതെന്നു് അങ്ങേയ്ക്കും അറിയാവുന്നതാണു്. അങ്ങു തന്നെ ഭേദഗതി അവതരിപ്പിച്ചതിനുശേഷം എതിർത്തു സംസാരിക്കാൻ സമയം കൊടുക്കുന്നതാണെന്നു പറയുകയുണ്ടായി. ഭേദഗതി അവതരിപ്പിച്ചതിനു ശേഷം സൗകര്യം കൊടുക്കുന്നതിലും നല്ലതു് അടിസ്ഥാനപരമായി അദ്ദേഹത്തിനുള്ള വിയോജിപ്പു് നേരത്തേതന്നെ പ്രകടിപ്പിക്കുന്നതായിരിക്കും. അതിനുള്ള സൗകര്യം കൊടുക്കണമെന്നു് ഒരഭ്യർത്ഥനയുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജു് : ശ്രീ. ടി. കെ. രാമകൃഷ്ണന്റെ വാദം ഒരു തരത്തിലും നിലനിൽക്കത്തക്കതല്ല. അമൻറുമെൻറുകൂടി അവതരിപ്പിച്ചു സംസാരിച്ചതിനുശേഷമാണു് പ്രമേയം അവസാനമായി ശ്രദ്ധിക്കുക. അതുകൊണ്ടു് ആദ്യമേ എതിർത്തു സംസാരിക്കുന്നതിൽ അർത്ഥമില്ല. അങ്ങയുടെ ആദ്യത്തെ റൂളിംഗു് നിലനിൽക്കണം.

ശ്രീ. ഇ. എം. ജോർജ്ജു് : പ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട മെമ്പർ തന്നെ എന്റെ അഭിപ്രായങ്ങളും കേട്ടാൽ പിൻവലിക്കുമെങ്കിൽ പിന്നെ ഭേദഗതികൂടി സ്വീകരിക്കുന്നതിനുള്ള സ്ഥാനമില്ല. അതുകൊണ്ടു് ഭേദഗതികൂടി ചർച്ചചെയ്യുന്നതിനു മുൻപായി എന്നെ സംസാരിക്കുവാൻ അനുവദിക്കണം. ഞാൻ സംസാരിക്കുന്നതു കേട്ടാൽ ഈ പ്രമേയം അവതരിപ്പിച്ച മെമ്പർ തന്നെ പിൻവലിക്കുമെന്നാണു് എന്റെ പ്രതീക്ഷ.

ശ്രീ. എൻ. കെ. ശേഷൻ : ഇതിനെ സംബന്ധിച്ചിടത്തോളം പ്രസക്തമായ ഒരു വകുപ്പു ഞാൻ ഇവിടെ പറയാം. "After a resolution has been moved, any member may, subject to the rules relating to resolutions, move an amendment to the resolution." ഒരു പ്രമേയം അവതരിപ്പിച്ചു് ബഹുമാനപ്പെട്ട മറ്റൊരു മെമ്പർ അതിനു് അനുകൂലമായി സംസാരിച്ചു കഴിഞ്ഞാൽ പിന്നെയുള്ള നടപടിക്രമം ഭേദഗതികൂടി അവതരിപ്പിച്ചു് അതനുസരിച്ചു് സംസാരിക്കുവാൻ മെമ്പർമാരെ വിളിക്കുകയെന്നുള്ളതാണു്. ആ നിലയ്ക്കു ഇതുവരെ തുടർന്നു വന്നിട്ടുള്ളതുതന്നെ തുടരണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അവസാനം സമയം കൊടുക്കാമെന്നു സമ്മതിച്ചിട്ടുള്ളതു് ആദ്യം കൊടുക്കണമെന്നാണു് ഞാൻ പറയുന്നതു്.

മി. സ്പീക്കർ : അതിനുള്ള സമയമില്ല ശ്രീ. രാമകൃഷ്ണൻ. ഭേദഗതികളെല്ലാം അവതരിപ്പിക്കുവാനും സമയമില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ : പ്രമേയം അവതരിപ്പിക്കുവാൻ സമയം കൊടുക്കാമെങ്കിൽ ഭേദഗതികൂടി അവതരിപ്പിക്കുന്നതിനും സമയം കൊടുക്കണം. അല്ലെങ്കിൽ ഇതൊന്നും വേണ്ട. പാസ്സായിയെന്നു അങ്ങു പ്രഖ്യാപിച്ചാൽ മതി.

(ശ്രീ. സി. കെ. ബാലകൃഷ്ണൻ, ശ്രീ. എ. വി. ആര്യൻ, ശ്രീ. പ്രഭാകരത്തണ്ടാർ, ശ്രീ. പി. കുഞ്ഞൻ തുടങ്ങിയ മെമ്പറന്മാർ എഴുന്നേറ്റുനിന്നു് ഉച്ചത്തിൽ പലതും പറഞ്ഞു. ശബ്ദകോലാഹലത്തിനിടയിൽ ഒന്നുംതന്നെ വ്യക്തമായിരുന്നില്ല )

ശ്രീ. സി. ബി ചന്ദ്രശേഖരവാര്യർ : പ്രമേയം അവതരിപ്പിച്ചാൽ എതിർപ്പുള്ളവർക്കു് എതിർത്തു സംസാരിക്കുവാനുള്ള അവസരം കിട്ടണം. എതിർപ്പുള്ളവർക്കു് എതിർപ്പു പ്രകടിപ്പിക്കുവാൻ അവസരം കൊടുക്കുന്നില്ലെങ്കിൽ പിന്നെ എന്താണു് ചർച്ച?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഞങ്ങൾക്ക പറയുവാനുള്ളതു് പറയാനുള്ള സൗകര്യം പോലും തരാതിരിക്കുന്നതു ശരിയല്ല. ഇതിൽ സാങ്കേതികത്വത്തിൽ തൂങ്ങിനിൽക്കുന്ന പ്രശ്നമേയില്ല. അതുകൊണ്ടാണു് സംസാരിക്കുന്നതിനു സമയം നൽകണമെന്നു് അഭ്യർത്ഥിക്കുന്നതു്.

ശ്രീ. കെ. കരുണാകരൻ : ഈ പ്രമേയത്തിനുവേണ്ടിമാത്രം ഈ സഭയുടെ കീഴ്വഴക്കങ്ങളും മാറേറണ്ടതായ കാര്യമില്ല. പ്രമേയം പുത്തിയാകണമെങ്കിൽ ഭേഗേതികം അവതരിപ്പിക്കണം. അതിനുശേഷം എതിക്കാനുള്ള ആളുകൾക്കു് എതിക്കാവുന്നതാണു്. ഇതാണു് നടപടിച്ചട്ടം. അതു് ഇക്കാര്യത്തിലും പാലിക്കണം.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : അങ്ങനെ പ്രത്യേകിച്ചു് രൂളൊന്നുമില്ല.

ശ്രീ. പി. കുഞ്ഞൻ : എതിർത്തു സംസാരിക്കുവാനുള്ളവർക്കും അവസരം നൽകണം.

ആരോഗ്യമന്ത്രി ശ്രീ. ബി. വെല്ലിംഗ്ടൺ : സർ, എന്നെ കേന്ദ്രീകരിച്ചു കൊണ്ടുള്ള ഒരു പ്രമേയമാണു് ഇവിടെയുള്ളതു്. അതുകൊണ്ടു് എനിക്കു് എന്റെ നില വ്യക്തമാക്കാൻ അവസരം നൽകണം.

ശ്രീ. ഇ. എം. ജോർജ് :- എനിക്കു സംസാരിക്കാൻ സൗകര്യം നൽകണം എനിക്കു സംസാരിക്കാൻ സൗകര്യം നൽകണം.

ശ്രീ. ബി. വെല്ലിംഗ്ടൺ : സർ, ഇതുപോലെയൊരു അവസ്ഥ ഇതിനുമുൻപു് ഈ അസംബ്ലിയിൽ ഉണ്ടായിട്ടില്ല. മുൻപുള്ള യാർഡ്സ്റ്റിക്കു വച്ചുകൊണ്ടു് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതു് വേദനാജനകമായിരിക്കും. ഒരു മന്ത്രിയുടെ പേരിലും ഇതുപോലെ ഒരു പ്രമേയം വന്നിട്ടില്ലാത്തതുകൊണ്ടു് എനിക്കു സംസാരിക്കുവാൻ അനുവാദം തരാതെയുള്ള ഒരു തീരുമാനമാണു് എടുക്കുന്നതെങ്കിൽ അതു് വളരെയധികം വേദനാജനകമായിരിക്കും. അതുകൊണ്ടു് അങ്ങയുടെ മനസ്സാക്ഷിയോടു് വളരെ വ്യക്തമായി ഞാൻ അഭ്യർത്ഥിക്കുകയാണു്, എന്റെ പേരിൽ ഉണ്ടായിരിക്കുന്ന ആരോപണങ്ങൾക്കു അനുകൂലമായിട്ടും പ്രതികൂലമായിട്ടും മെമ്പറന്മാർക്കു പറയാനുള്ളതു പറഞ്ഞതിനുശേഷം എന്റെ അഭിപ്രായവും കൂടി കേൾക്കുകയും ചെയ്തിട്ടേ തീരുമാനം കൈക്കൊള്ളാവൂ എന്നു്. എന്റെ അഭിപ്രായങ്ങൾ കേട്ടാൽ പ്രമേയാവതാരകൻ തന്നെ അതു പിൻവലിക്കുമെന്നും പിന്നെ ഇത്തരമൊരു അവസ്ഥയിലേക്കു് പോകേണ്ടി വരികയില്ലെന്നും ഞാൻ അറിയിക്കുകയാണു്. അതുകൊണ്ടു് ഇതിനുമുൻപുണ്ടായിട്ടുള്ള അനൗദ്യോഗിക പ്രമേയങ്ങളുടെ കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങളും നടപടിക്രമങ്ങളുംതന്നെ ഇതിലും കൈക്കൊള്ളുന്നതു് വേദനാജനകമായിരിക്കുമെന്നുള്ളതുകൊണ്ടു് അങ്ങയുടെ മനസ്സാക്ഷിയുടെ മുൻപിൽ വ്യക്തമായി അഭ്യർത്ഥിക്കുകയാണു്, കുറച്ചുസമയം എനിക്കു വേണ്ടി എടുത്താലും കുഴപ്പമൊന്നും ഉണ്ടാകുകയില്ല എന്നു്. ഈ സഭയിൽ എന്റെ നില വിശദീകരിക്കുന്നതിനും മറുമായി എനിക്കു കുറച്ചുസമയം നൽകണമെന്നും മറുമെമ്പറന്മാർക്കു് അനുകൂലമായോ പ്രതികൂലമായോ പറയാനുള്ളതുകൂടി കേൾക്കണമെന്നും ഞാൻ വ്യക്തമായി വിനീതമായി അഭ്യർത്ഥിക്കുകയാണു്.

ശ്രീ. ഇ. എം. ജോർജ് : സർ,

മി. സ്പീക്കർ : എന്റെ മനസ്സാക്ഷിയോടു് ബഹുമാനപ്പെട്ട മന്ത്രി വെല്ലിംഗ്ടൺ സംസാരിച്ചിരിക്കുന്നുവെന്നുള്ളതുകൊണ്ടു പറയുകയാണു്. ബഹുമാനപ്പെട്ട വെല്ലിംഗ്ടണു് ഇതിനെപ്പറ്റി സംസാരിക്കാൻ അവസരം തരാം. തീച്ചയായിട്ടും അവസരം തരാം.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഇന്നു പന്ത്രണ്ടര മണിവരെയേ ഉള്ളു. മുന്നു ഒരേതരം റെസല്യൂഷൻതന്നെയാണു്. പന്ത്രണ്ടര മണിവരെയുള്ള സമയം കൊടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വെല്ലിംഗ്ടൻ : സർ, ഞാൻ പറഞ്ഞതു് .....

ശ്രീ. ഇ. എം ജോർജ് : സർ, എനിക്കു് ഈ പ്രമേയത്തെക്കുറിച്ചു് സംസാരിക്കുന്നുള്ളതു സംസാരിക്കാൻ അവസരം തരണം.

മി. സ്പീക്കർ : 12·30 വരെ സമയം എടുക്കാമെന്നു സമ്മതിച്ചിട്ടുണ്ടു്.

ശ്രീ. ഇ. എം. ജോർജ് : സർ, എനിക്കു സംസാരിക്കൻ അവസരം തരണം. അങ്ങയുടെ മനസ്സാക്ഷിയോടു ഞാൻ അപേക്ഷിക്കുകയാണു്. അങ്ങയുടെ മനസ്സാക്ഷിയോടു ഞാൻ വാദിക്കുകയാണു്. ഞാനും വളരെ വേദനയോടുകൂടി അങ്ങയുടെ മനസ്സാക്ഷിയോടു വാദിക്കുകയാണു്. എനിക്കറിയാമായിരുന്നെങ്കിൽ ആദ്യമേ അങ്ങയുടെ മനസ്സാക്ഷിയോടു ഞാൻ അപേക്ഷിക്കുമായിരുന്നു. അതുകൊണ്ടു് എനിക്കു് സംസാരിക്കാൻ അവസരം തരണം.

ശ്രീ. ഇ. അഹമ്മദ് : സർ, ശ്രീ. ജോർജിന്റെ പേരിൽ ആരോപണം വല്ലതുമുണ്ടോ?

ശ്രീ. ഇ. എം. ജോർജ് : എന്നെപ്പറ്റി ആരോപണമില്ലെങ്കിലും അന്യരെപ്പറ്റിയുള്ള ആരോപണം എന്നെപ്പറ്റിയുള്ള ആരോപണംപോലെ ഗൗരവതരമായി കണക്കാക്കുന്നയാളാണു് ഞാൻ.

മി. സ്പീക്കർ : ആർഡർ, ആർഡർ. മി. വെല്ലിംഗ്ടനെപറ്റിയാണു് ആരോപണമുള്ളതു്. ശ്രീ. ഇ. എം. ജോർജിനെപ്പറ്റിയാതൊരാരോപണവും വന്നിട്ടില്ല.

ശ്രീ. ഇ. എം. ജോർജ് : ഈ സഭയിൽ ശ്രീ. വെല്ലിംഗ്ടനെപ്പറ്റിയുണ്ടാകുന്ന ആരോപണത്തെക്കുറിച്ചു് എന്റെപേരിലുണ്ടാകുന്ന ആരോപണത്തെക്കുറിച്ചു ഞാൻ വേദനിക്കുന്നതുപോലെതന്നെ വേദനിക്കാൻ എന്റെ ഹൃദയത്തിനു കഴിയും.

മി. സ്പീക്കർ : ആർഡർ, ആർഡർ. ഞാൻ എഴുന്നേറ്റു നിൽക്കുമ്പോൾ.....

ശ്രീ. ഇ. എം. ജോർജ് : സർ, എനിക്കു .....

ശ്രീ. എസ്. ദാമോദരൻ : സർ, സമയം കൊടുക്കാമെന്നു പറഞ്ഞതാണു്.

ശ്രീ. ഇ. എം. ജോർജ് : എനിക്കു സംസാരിക്കാൻ സമയം തന്നേ പറ്റൂ, എനിക്കു സംസാരിക്കാനുണ്ടു്.

മി. സ്പീക്കർ : ആർഡർ, ആർഡർ മി. ജോർജ് ഞാൻ എഴുന്നേറ്റു നിൽക്കുകയാണു്. ഇങ്ങനെ എപ്പോഴും എപ്പോഴും എഴുന്നേറ്റു നിന്നു് സഭാനടപടികളും തടസ്സപ്പെടുത്തരുതു്, മിസ്റ്റർ ജോർജിനു ഞാൻ താക്കീതു നൽകുകയാണു്.

ശ്രീ. ഇ. എം. ജോർജ് : എന്നെ സംസാരിക്കാനനുവദിക്കാതെ സഭാനടപടി മുടരാൻപാടില്ല.

ശ്രീ. എസ്. ദാമോദരൻ : മറുഭാഗത്തിരിക്കുന്നവർക്കു ഇതുപോലെ താക്കീതു നൽകുമോ?

മി. സ്പീക്കർ : വേണ്ടിവന്നാൽ എല്ലാ ഭാഗത്തിരിക്കുന്നവർക്കും താക്കീതു നൽകും. അക്കാര്യത്തിൽ ഒരു സംശയവുമില്ല.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : സർ, ശ്രീ വെല്ലിംഗ്ടൻ എന്താണു പറയാനുള്ളതെന്നറിഞ്ഞിട്ടു് അധികാരപ്പെട്ട മന്ത്രി സംസാരിക്കുന്നതാണു് നല്ലതു്. അക്കാര്യത്തിൽ ആക്ടം വിയോജിപ്പില്ലായിരിക്കും. അദ്ദേഹത്തിനു് പറയാൻ അവസരം കൊടുക്കണമെന്നാണു് എനിക്കുപറയുവാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഈ സഭാനടപടികളം ഈ സഭയെ സംബന്ധിച്ചിടത്തോളം ആശാസ്യമായരീതിയിൽ നടത്തിക്കൊണ്ടുപോകുക എന്നുള്ളതു് എന്റെ ചുമതലയാണു്. സ്പീക്കർ എന്നുള്ള നിലയിൽ എന്റെ ചുമതല നിർവഹിക്കുന്നതിൽ എന്നെ സഹായിക്കേണ്ടതു് സഭയുടെ കടമയാണു്. എന്തെല്ലാം അഭിപ്രായവ്യത്യാസമുണ്ടായിരുന്നാൽത്തന്നെയും എന്റെ തീരുമാനം നടപ്പാക്കുന്നേ കാര്യത്തിൽ എന്നെ സഹായിച്ചാൽ മാത്രമേ ഇതു നടന്നുപോകാൻ സാധിക്കുകയുള്ള. സാധാരണ ഗതിയിൽ സ്പീക്കറെ സഹായിക്കാൻ ചുമതലപ്പെട്ട ഭരണകക്ഷി (എല്ലാ പാർലമെൻറി ഡെമോക്രസിയിലും അങ്ങനെയാണു്) അങ്ങനെയല്ല ചെയ്തതു്. തെറ്റായാലും ശരിയായാലും സ്പീക്കറുടെ തീരുമാനങ്ങളം അംഗീകരിക്കുകയും നടപ്പാക്കുന്നതിനു് സഹായിക്കുകയും ചെയ്യേണ്ടതു് ഭരണകക്ഷിയാണു്. എന്നാൽ ഇവിടെ കാണുന്നതു് ഇൻഡ്യയിലോ ലോകത്തോ ഒരിടത്തുമില്ലാത്തതുപോലെ ഭരണകക്ഷിയംഗങ്ങളം എഴുന്നേറ്റു നിന്നു് സ്പീക്കറുടെ നിശ്ചയമനസരിച്ചുള്ള സഭാനടപടികളം മുന്നോട്ടുകൊണ്ടുപോകാൻ അശേഷം സഹായകരമല്ലാത്ത നിലയിൽ എല്ലാവരുംകൂടി പെരുമാറുന്ന സ്ഥിതിവിശേഷമാണു്. ഞാൻ ഇതിൽ വ്യക്തിപരമായി ആരെയും കുറ്റപ്പെടുത്താനഗ്രഹിക്കുന്നില്ല. എനിക്കുള്ള ബുദ്ധിമുട്ടകളം ദയവായി ഭരണകക്ഷിയംഗങ്ങളം മനസ്സിലാക്കിക്കൊണ്ടു് മുൻപോട്ടുപോയാലല്ലാതെ നിയമസഭയുടെ നടപടിക്രമങ്ങളം മുന്നോട്ടുകൊണ്ടുപോകാൻ നിവൃത്തിയില്ല. എല്ലാ ജനാധിപത്യ സഭകളിലും സ്പീക്കറെ സഹായിക്കുന്നതു് ഭരണകക്ഷിയംഗങ്ങളുടെ സപ്പോർട്ടാണു്. സ്പീക്കർക്കു തന്റെ തീരുമാനങ്ങളെ നടപ്പാക്കുന്നതിനുവേണ്ടിയുള്ള അവകാശങ്ങളെ ഇല്ലാതാക്കുന്ന സാഹചര്യം ഉണ്ടാക്കുന്നതു ശരിയല്ല. ഈ നിലയിലാണെങ്കിൽ എങ്ങനെ മുൻപോട്ടുപോകുമെന്നുള്ളതിനെപ്പറ്റി കാര്യമായി ആലോചിക്കേണ്ട സ്ഥിതിവിശേഷം ദയവായി ഉണ്ടാക്കരുതു്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ,
ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ
ശ്രീ. എസ്. ദാമോദരൻ
ശ്രീ. പി. കെ. കുഞ്ഞച്ചൻ
} എഴുന്നേറ്റുനിന്നു് സംസാരിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി : സാധാരണ നിലയിൽ പ്രമേയം ആർഡറിലല്ലെങ്കിൽ എല്ലാ മെമ്പർമാർക്കും സംസാരിക്കാൻ അവസരം കൊടുക്കണം. അങ്ങു് താമസിയാതെ ഭേദഗതി വച്ചുകൊണ്ടു് സംസാരിക്കാൻ മെമ്പർമാരെ വിളിക്കണം. അരമണിക്കുറേ ഉള്ള. ബഹുമാനപ്പെട്ട മെമ്പർമാർക്കു് പലതും പറയാൻ കാണും.

**Mr. Speaker** : The following amendments may be moved :

No. 2 by Shri K. Karunakaran, Nos. 13 and 14 by Shri T. K. Ramakrishnan, No. 31 by Shri J. C. Moraes, Nos. 35 and 36 by Shri T. A. Majid, No. 44 (second part) by Shri V. V. Kunhambu. No. 1 by Shri K. Karunakaran, No. 3 by Shri N. I. Devassykutty, No. 5 by Shri K. T. George, No. 7 by Shri N. Gamaliel, No. 9 by Dr. George Thomas and No. 45 by Shri P. P. George, are not in order under Rule 121 read with Rule 117, because they import extraneous matters which are not very relevant.

Amendment No. 4 by Shri N. I. Devassykutty, No. 6 by Shri K. T. George, No. 8 by Shri N. Gamaliel, No. 10 by Shri George Thomas, No. 46 by Shri P. P. George, and No. 57 by Shri R. Gopalakrishnan Nair are similar to amendment No. 2 by Shri K. Karunakaran.

Amendment No. 11 by Shri T. K. Ramakrishnan, No. 15 by Shri A.S.N. Nambissan, No. 19 by Shri P. Govinda Pillai, No. 23 by Shri E. Balanandan, No. 27 by Shri C. B. C. Warrier, No. 32 by Shri J. C. Moraes

LIBRARY ARCHIVES Kerala Legislative Assembly

No. 33 by Shri P. P. Wilson, No. 34 by Shri S. P. Luiz, No. 41 by Shri K. M. Mani, No. 42 by Shri P. N. Chandrasenan, Nos. 43 and 58 by Shri K. P. Raghava Poduval, No. 44 (part I) by Shri V. V. Kunhambu, No. 47 by Shri M. Ramunni, No. 48 by Shri K. K. Aboo, No. 49 by Shri A. K. Appu No. 51 by Shri A. S. Purushothaman, No. 56 by Shri J. A. Chacko, No. 59 (part I) by Shri S. Damodaran widen the scope of the resolution and therefore are not in order.

Amendment No. 12 by Shri T. K. Ramakrishnan, No. 16 by Shri A.S. N. Nambissan; No. 20 by Shri P. Govinda Pillai, No. 24 by Shri E.Balanandan, No. 28 by Shri C. B. Chandrasekhara Warrier, II part of No.43 by Shri K. P. Raghava Poduval, and No. 52 by Shri A. S. Purushothaman are not in order since it is not known what exactly are the allegations made outside this House and also because a case filed by Shri Wellingdon is now pending before the court.

Amendment Nos. 17 and 18 by Shri A.S.N. Nambissan, Nos.21 and 22 by Shri P. Govinda Pillai, Nos.25 and 26 by Shri E.Balanandan. Nos.29 and 30 by Shri C. B. Chandrasekhara Warrier, Nos. 53 and 54 by Shri A. S. Purushothaman and No. 59 (part II) by Shri S. Damodaran are the same as Nos. 13 and 14 by Shri T. K. Ramakrishnan.

Amendment No.37 by Shri P. S. Srinivasan, No.38 by Shri K. Purushothaman Pillai are similar to No. 35 by Shri T. A. Majid.

Amendment No. 39 by Shri K. G. N. Namboodiripad No. 40 by Shri M. M. Thomas, are similar to No. 36 by Shri T. A. Majid.

Amendment No. 50 by Shri M. Moideenkutty Haji is not in order when read with Rule 121 and Rule 115.

Amendment No. 55 by Shri K. A. Sivarama Bharathy is a substitute resolution, and therefore it is not in order.

These are my decisions. Now I call upon Shri K. Karunakaran to move his amendment.

**Shri K. Karunakaran** : Sir I move :

In the resolution for the figures and words "18-10-69 നകം" Subsbitute the following :— '10-10-1969 നകം" സർ, ഈ സഭയിൽ മന്ത്രിമാരെക്കുറിച്ച് ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളെയെല്ലാംപറ്റി അന്വേഷിക്കണമെന്നതാണ് എന്റെ പാർട്ടിയുടെ നില.....

ശ്രീ. എസ്. പി. ലൂയിസ് : സർ,

ശ്രീ. കെ. കരുണാകരൻ : ആ നിലപാടനുസരിച്ചാണ് ഞങ്ങളുടെ പാർട്ടിയിൽ നിന്ന് അനൗദ്യോഗികപ്രമേയം കഴിഞ്ഞ നിയമസഭയിൽ അവതരിപ്പിക്കാൻ അനുവാദമാവശ്യപ്പെട്ടത്. ആഗസ്റ്റ് 22-ാം തീയതി ശ്രീ. ദേവസ്സിക്കുട്ടിയുടെ പ്രമേയം വന്നത് ആ അടിസ്ഥാനത്തിലാണ്.. ഇന്ന് ഈ സഭയുടെ മുൻപാകെ അവതരിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളെ മുഴുവൻ സംബന്ധിച്ചല്ലെങ്കിലും ഒരാളുടെ പേരിലുള്ള ആരോപണങ്ങളെപ്പറ്റിയാണ്.

മി. സ്പീക്കർ : ഒന്നരണ്ടു മിനിട്ടേ എടുക്കാവൂ.

ശ്രീ. കെ. കരുണാകരൻ : വേഗം തീർക്കാം സർ. അതുകൊണ്ട് ആദ്യത്തേത് എന്നുള്ള നിലയിൽ ഞങ്ങൾ ഇതിനെ സ്വാഗതം ചെയ്യുകയാണ്. മുഖ്യമന്ത്രിമുതൽ തൊഴിൽകാര്യമന്ത്രിവരെയുള്ള മന്ത്രിമാരെപ്പറ്റി ആരോപണങ്ങളുണ്ടായിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇന്നത്തെപ്രമേയത്തിന്റെ സംകോപ്പിൽ എല്ലാം ഉൾക്കൊള്ളിച്ചു് അവതരിപ്പിക്കാൻ നിയമസാധുതപം ലഭിക്കുകയില്ലെന്നുള്ളതിന്റെ ഫലമായിട്ടാണു് ഇത്തരം പ്രമേയം കൊണ്ടുവരാനിടയായിട്ടുള്ളതു്. ജനാധിപത്യഭരണക്രമമനുസരിച്ചു്'' മറ്റു ചിലമന്ത്രിമാർ അന്വേഷണത്തെ നേരിടാൻ തയ്യാറാണെന്നു സമ്മതിച്ചിട്ടുണ്ടു്. അന്വേഷണം നടത്തുന്നകാര്യത്തിൽ മുഖ്യമന്ത്രിവരുന്നതുവരെ കാത്തിരിക്കാൻ പറയുന്ന സ്ഥിതിവിശേഷം ഉണ്ടാകാതിരിക്കണം. നിയമപരമായി എൻകുയറി ആർഡർ ചെയ്യുന്നതിനു് സഹായിക്കുത്തക്കതായി ഗവണ്മെൻറു് ഈ പ്രമേയത്തെ കണക്കാക്കണമെന്നു് ഞാനാവശ്യപ്പെടുകയാണു്.

18-10-69 വരെയുള്ള കാലദൈർഘ്യം കൂടാതെതന്നെ ഇന്നോ നാളെയോ ഒരു കല്പന പുറപ്പെടുവിക്കാൻ സൗകര്യമുള്ള സാഹചര്യമുള്ളതുകൊണ്ടു് 10-10-69 നു മുൻപായി കല്പന പുറപ്പെടുവിക്കണമെന്ന ഭേദഗതിയോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : ശ്രീ. ടി. കെ. രാമകൃഷ്ണനു് ഭേദഗതി മൂവു് ചെയ്തു് സംസാരിക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഭേദഗതികരം മൂവു് ചെയ്യുന്നു. പ്രമേയത്തിൽ ''ഉന്നയിക്കപ്പെട്ട'' എന്നതിനുശേഷം ''അഴിമതി'' എന്നതിനുമുൻപു് ''ബഹു:മുഖ്യമന്ത്രി അന്വേഷിച്ചതൊഴിച്ചുള്ള'' എന്നുചേർക്കുക.

പ്രമേയത്തിൽ ''റിട്ടയേർഡു് ഹൈക്കോടതി ജഡ്ജിയേയോ'' എന്നതിനുശേഷം ''ഹൈക്കോടതി ജഡ്ജിയാകാൻ യോഗ്യതയുള്ള ഒരാളെയോ'' എന്നു ചേർക്കുക. എന്റെ ഭേദഗതിയെപ്പറ്റി ശ്രീമാൻ ഗോവിന്ദപ്പിള്ള സംസാരിക്കും.

മി. സ്പീക്കർ : പാർട്ടിയുടെ സമയമാണെങ്കിൽ സംസാരിക്കുന്നതിൽ വിരോധമില്ല.

ശ്രീ. പി. ഗോവിന്ദപ്പിള്ള : സർ, പ്രമേയത്തെസംബന്ധിച്ചുള്ള ചർച്ചയും വാദപ്രതിവാദവും വന്നപ്പോഴും ധർമ്മരോഷത്തോടുകൂടി അങ്ങു പലതും പറയുന്നതുകേട്ടു. അതായതു് ഇവിടെ പലക്രമക്കേടുകളും നടന്നു, ഭരണകക്ഷിയുടെ സഹകരണം വേണ്ടത്ര കിട്ടുന്നില്ലാ എന്നൊക്കെ. അതിനൊക്കെ ഇടയാക്കിയ സാഹചര്യങ്ങളും എന്താണു''? ഈ രാജ്യത്തു് ഒരു കാലത്തും ഒരു ജനാധിപത്യകക്ഷിക്കും യോജിക്കാത്ത വിശകലായ ഒരു രാഷ്ട്രീയതന്ത്രത്തിന്റെ ഫലമായി ശ്രീമാൻ ചന്ദ്രശേഖരൻ നായർ ഒരു പ്രമേയം അവതരിപ്പിച്ചതുകൊണ്ടാണു് ഇതൊക്കെ ഉണ്ടായതു്. ഭരണകക്ഷിയിൽപ്പെട്ട ആളുകൾക്കു് മന്ത്രിസഭ റീ ആർഗനൈസുചെയ്യാൻ അധികാരമുണ്ടായിരിക്കെ അതു ചെയ്യാതെ ആ മന്ത്രിസഭയിലും ഭരണകക്ഷിയിലും ഇരുന്നുകൊണ്ടുതന്നെ പുറം വാതിലിലൂടെ സൂത്രത്തിൽ ഒരു മന്ത്രിയുടെ പേരിൽ അവിശ്വാസപ്രമേയം അവതരിപ്പിക്കുകയെന്നുള്ളതു് എവിടെയെങ്കിലും നടന്നിട്ടുണ്ടോ ? ആ വിധത്തിൽ കാര്യങ്ങൾ നടക്കുമ്പോൾ മറ്റു കാര്യങ്ങൾ നടക്കുന്നതിൽ അങ്ങു് ഈ വിധത്തിൽ അഭിപ്രായം പറയുന്നതിൽ കാര്യമില്ല. അതിന്റെ റൂട്ട് കാസു് അവിടെയാണു്. അവർ തന്നേടത്തോടുകൂടി മന്ത്രിസഭയിൽനിന്നും ഇറങ്ങിപ്പോയി ഒരു അവിശ്വാസപ്രമേയം കൊണ്ടുവരേണ്ടതായിരുന്നു. അങ്ങനെയല്ലാതെ പാർലമെന്ററി ഡമോക്രസിയുടെ മഹത്വത്തെപ്പറ്റി വാതോരാതെ പ്രസംഗിച്ചുനടക്കുന്നവർ വളരെ മോശമായ നിലയിൽ പിൻവാതലിലൂടെ മന്ത്രിസഭയെ മറിച്ചിടാൻ സൂത്രപ്പണി നടത്തുകയാണു്. അഴിമതിയോടുള്ള വിരോധം കൊണ്ടാണോ അവർ അതു ചെയ്തതു് ? ശ്രീമാൻ ബേബിജോണിനോടു് ഞാൻ ചോദിക്കുകയുണ്ടായി, എല്ലാവരെയുംപറ്റി അന്വേഷിക്കാമോ, എല്ലാവർക്കും ഒരേ തരപ്പു ഉപയോഗിക്കാമോയെന്നു്.

12 NOON



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ : സർ, ഒരു ചോദ്യം ചോദിച്ചുകൊള്ളട്ടെ ?

ശ്രീ. പി. ഗോവിന്ദപ്പിള്ള : ശ്രീമാൻ ബേബിജോൺ അപമര്യാദ ഇങ്ങോട്ട് കാണിച്ചിട്ടില്ല. അതുകൊണ്ട് ഇപ്പോഴം ഇതു കേട്ടാൽ മതി. എന്നിട്ട് അദ്ദേഹം പറയുകയാണ് അഴിമതിക്കു തെളിവുതേടി നടക്കയാണെന്ന്. ഈ രാജ്യത്തു് അഴിമതിയുണ്ടെന്നേ സംസാരം വന്നപ്പോഴം അതിനെ സംബന്ധിച്ച തെളിവുശേഖരിക്കുന്നതിലും അതിന്റെ കാര്യങ്ങളം അന്വേഷിക്കുന്നതിലും വിവരങ്ങളം ശേഖരിക്കുന്നതിലും ബന്ധപ്പെട്ട ആളുകളുടെ മുമ്പിൽ അതു സമർപ്പിക്കുന്നതിലും എന്താണ് പിശകു്? ശ്രീമാൻ ബേബിക്ക് പേടിയാണ്. അന്വേഷിച്ചുകളയുമോ എന്നു്. അന്വേഷിച്ചു് നീണ്ടകരവരെ പോകുമോയെന്നു്. അന്വേഷണം നടത്തുന്ന കാര്യത്തിൽ.....

ശ്രീ. ബേബിജോൺ : പബ്ലിക് മെൻ എൻകമയറി ബില്ലു് പാസ്സാകുന്നതുവരെ അന്വേഷണം വേണ്ടെന്നു പറഞ്ഞതു് ആരാണു് ?

(പല അംഗങ്ങളും ഈ സമയം എഴുന്നേറുനിന്നു് എന്തോ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു)

ശ്രീ. പി. ഗോവിന്ദപ്പിള്ള : ശ്രീമാൻ ചന്ദ്രശേഖരൻ നായർക്കു് അഴിമതിയോടുള്ള വിരോധംകൊണ്ടല്ലേ അദ്ദേഹം ഇവിടെ ഇങ്ങനെ ഒരു പ്രമേയം കൊണ്ടുവന്നതു്. വെറും രാഷ്ട്രീയതന്ത്രത്തിന്റെ മറവിൽ, വൃത്തികെട്ട രാഷ്ട്രീയതന്ത്രം ഉപയോഗിച്ചു് മുൻവാതിലിലൂടെ വരാതെ പുറകുവശത്തുകൂടി ചില കാര്യങ്ങളെങ്കിലും നടത്തുമ്പോഴം ഇങ്ങനെ ചില പ്രതിബന്ധങ്ങളൊക്കെ ഉണ്ടാകും. ഇതുപോലെ പലതും വരാം. ശരിക്കുള്ള രാഷ്ട്രീയനയം ഉപേക്ഷിച്ചതാണു് ഇതിനെല്ലാം കാരണം. അഴിമതിയെപ്പറ്റി ഇപ്പോഴം അവർ പറയുന്നതു് എന്താണു്? നിയമസഭയിൽ ഉന്നയിച്ചതു് പുറത്തു് ഉന്നയിച്ചുകൂടാ പിന്നെ എന്താണു് പറയുന്നതു്, മുമ്പുന്നയിച്ചതു്. രണ്ടു ദിവസത്തിനു മുമ്പുന്നയിച്ചതിനെപ്പറ്റി അന്വേഷണം നടത്തണം. പിന്നീടു് ഉന്നയിച്ചതു് മൂക്കാത്തതാണു്. സർ, ഇവിടെ എല്ലാ മന്ത്രിമാരുടെ പേരിലും അഴിമതിയാരോപണമുന്നയിച്ചിട്ടുണ്ടു്. അതെല്ലാംതെളിയിക്കാൻ കഴിയുകയും ചെയ്യും. ഇതിനുമുമ്പു് ഒരാരോപണം ഞാൻ ഈ സഭയിൽ ഉന്നയിച്ചതാണു്. വളരെ ഗുരുതരമായ ആരോപണമാണു് അതു്. ആ ആരോപണങ്ങളെപ്പറ്റി അന്വേഷിച്ചാൽ തെളിയിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഈ രാഷ്ട്രീയം നിറുത്തിവച്ചു് കാവിയുമുടുത്തു് കാശിക്കുപോകാമെന്നു് അന്നു ഞാൻ പറഞ്ഞിരുന്നു. അങ്ങനെ തെളിയിച്ചിട്ടു് ആ അന്വേഷണറിപ്പോർട്ടു് എവിടെപോയി ? വലതുകമ്മ്യണിസ്റ്റുപാർട്ടിമന്ത്രിയുടെ നിയന്ത്രണത്തിൽ നടക്കുന്ന എലക്ട്രിസിറ്റിബോർഡിലെ അഴിമതികം അക്കമിട്ട അക്കമിട്ടു് തെളിയിക്കപ്പെട്ടു. എന്നിട്ടു ആ കുറവാളികളെ മുഴവൻ കുറ്റക്കാരല്ലെന്നായി രക്ഷപ്പെടുത്തുകയും ഒരു നടപടിയും എടുക്കാതെ സൂത്രത്തിൽ ഒഴിഞ്ഞുമാറുകയും ചെയ്തു. എന്നിട്ടു് എലക്ട്രിസിറ്റി മിനിസ്റ്റർ ക്യാബിനറ്റിൽ ഒരു പ്രൊപ്പോസൽ വച്ചിട്ടുണ്ടെന്നാണു് പറയുന്നതു്. എന്നാൽ അങ്ങനെ ഒരു പ്രൊപ്പോസലേ വച്ചിട്ടില്ല. എന്താണു് കാരണം? ഈ അഴിമതികളിൽ പലതും കോൺഗ്രസ് ഗവണ്മെന്റിന്റെ കാലത്തു നടന്നതായിരുന്നു. ആ കോൺഗ്രസ്സുകാർ പലതും അതിൽ കുടുങ്ങുമെന്നറിയാം. ഉന്നതന്മാരായ പല കോൺഗ്രസ്സുകാരുടേയും സഹായത്തോടുകൂടി നടത്തിയ അഴിമതികം പുറത്തു കൊണ്ടുവന്നാൽ പല കോൺഗ്രസ്സുകാർക്കും അപകടം പറ്റും. ഇന്നു് വലതുകമ്മ്യണിസ്റ്റുകാരും കോൺഗ്രസ്സും തമ്മിൽ ഇരിക്കുന്ന ഇരിപ്പിനു് അതു പറ്റുകയില്ല. ഈ ആരോപണങ്ങളെസംബന്ധിച്ചു് കേരളത്തിലെ പ്രഗത്ഭനായ ഒരു റിട്ടയേർഡ് ജഡ്ജി അന്വേഷിച്ചു് അഴിമതിക്കാരെന്നുപറഞ്ഞ ചാക്കോപിള്ളയേയും പൈലിപ്പിള്ളയേയും ഒളിച്ചുവച്ചിരിക്കുകയാണു്. അതുപോലെതന്നെ അഴിമതിക്കാരെന്നുതെളിഞ്ഞ ഉദ്യോഗസ്ഥന്മാരായ വൈദ്യനാഥയ്യരെയും. ആർ. പി. നായരെയും രാമസ്വാമി അയ്യരെയും പെൻഷൻ കൊടുത്തു അയച്ചു എന്നു പറഞ്ഞാൽ അതു ശരിയല്ലെന്നു് എനിക്കറിയാം. ശ്രീമാൻ ടി. വി. തോമസിനെയും ശ്രീമാൻ എം. എൻ. ഗോവിന്ദൻ നായരെയും പോലുള്ള നിരവധി മഹാന്മാരെകൈകാര്യംചെയ്യിട്ടുള്ള ആളാണു് ചാക്കോപിള്ള. അതിൽ അഴിമതിയി

LIBRARY ARCHIVES Kerala Legislative Assembly

ല്ലെന്നുവിശ്വസിക്കാൻതക്ക ശ്രദ്ധഗതിഞങ്ങൾക്കില്ല. അതുമാത്രവുമല്ല അഴിമതിനടത്തുന്നകാര്യത്തിൽ, അഴിമതി നടത്തുന്നവരോടു് അവർക്കു് യാതൊരുവിരോധവുമില്ല.

(ഈ സമയം നിരവധി അംഗങ്ങൾ എഴുന്നേറ്റുനിന്നു് എന്തെല്ലാമോ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു.)

മി. സ്പീക്കർ : ആർഡർ, ആർഡർ. ഇനി ശ്രീമാൻ മൊറായിസു്, ശ്രീമാൻ ടി. എ. മജീദു് ഇങ്ങനെ രണ്ടു മൂന്നുപേർക്കൂടി ദേഹഗതി മൂവുചെയ്യാനുണ്ടു്. വേണ്ടി വന്നാൽ ചർച്ച പത്തുപതിനഞ്ചു മിനിട്ടുകൂടി നീട്ടികൊണ്ടു് പോകേണ്ടിവരും. ശ്രീ. ഗോവിന്ദപ്പിള്ളക്കു് രണ്ടുമൂന്നു മിനിട്ടുകൂടി മാത്രമേ സംസാരിക്കാൻ പറ്റുകയുള്ളു.

ശ്രീ. പി. ഗോവിന്ദപ്പിള്ള : രാഷ്ട്രീയ ഗൂഢാലോചനയുടെ കഥകളാണു് ഞാൻ പറയുന്നതു്. അതുകൊണ്ടു് അതു മുഴുവൻ പറയാനുള്ള സമയം കിട്ടിയേ മതിയാകൂ.

സർ, ഈ രാജ്യത്തു നടത്തിയിട്ടുള്ള ചില അഴിമതികളുടെ വിവരങ്ങൾ ഞാൻ അങ്ങയ്ക്കു തന്നിട്ടുണ്ടു്. ഈരാജ്യത്തു എഫക്ടിസിറ്റി മന്ത്രി, പഞ്ചായത്തുവകുപ്പു മന്ത്രി, വ്യവസായമന്ത്രി, ജലസേചനമന്ത്രി എന്നീ നാലു മന്ത്രിമാരെ സംബന്ധിച്ചു് വ്യക്തമായ ആരോപണങ്ങൾ തെളിയിക്കാനുള്ള ബാധ്യതയോടുകൂടി ഞാൻ ഇവിടെ ഉന്നയിക്കുകയാണു്. അതിന്റെ രേഖകൾ ഞാൻ അയച്ചുതന്നിട്ടുണ്ടു്. അതു സംബന്ധിച്ചു് രണ്ടുമൂന്നുവാചകങ്ങൾകൂടി ഞാൻ പറയാം.

സർ, മുസ്ലീംലീഗാണു് ഇന്നു് അഴിമതിക്കെതിരായി വലിയ വലിയ പ്രകോപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതു്. ഈ കഴിഞ്ഞ കാലത്തെ ഫിഷറീസു് കാർപ്പറേഷന്റെ മുഴുവൻ പ്രവർത്തനവും പരിപൂർണ്ണമായ ഒരു അന്വേഷണത്തിനു വിധേയമാക്കാമെങ്കിൽ ബോട്ടുകളുടെ വിതരണത്തിൽ അഴിമതികൾ നടന്നിട്ടുണ്ടെന്നു് കണ്ടുപിടിക്കാൻ സാധിക്കും. തലശ്ശേരിയിലെ അമ്പലവട്ടം മത്സ്യോൽപ്പാദന സഹകരണ സംഘത്തിനു് 3 ബോട്ടുകൾ സ്വന്തം രാഷ്ട്രീയത്തിലുള്ളവർ നിയന്ത്രിക്കുന്നു എന്നുള്ളതിന്റെ പേരിൽ അവിഹിതമായി കൊടുത്തു. അതു് അഴിമതിയായിരുന്നു എന്നു് ഞാൻ ഉന്നയിക്കുകയാണു്.

പിന്നെ പോഷകാഹാരവിതരണ പദ്ധതി അനുസരിച്ചു് യൂനിസെഫ് നൽകിയ മത്സ്യബന്ധന ബോട്ടുകൾ ഒരു പ്രത്യേക കക്ഷിയെ തൃപ്തിപ്പെടുത്താനും സ്വന്തക്കാർക്കുമായി കൊടുത്തു. സമയമുണ്ടായിരുന്നെങ്കിൽ അവരുടെ പേരും സ്ഥലവുമൊക്കെ ഞാൻ വായിക്കാമായിരുന്നു. ലിസ്റ്റു എന്റെ കൈവശമുണ്ടു്. സർ, അഴിമതിയെപ്പറ്റി ആവേശകരമായി സംസാരിക്കുകയും ചെയ്യുന്ന ശ്രീമാൻ ചന്ദ്രശേഖരൻനായരുടെ പാർട്ടിയിൽപ്പെട്ട മന്ത്രിമാർ ചെയ്യുന്നതെന്താണെന്നു് നമുക്കറിയാം. ടി. ടി. സി. യിലെ അഴിമതികളെപ്പറ്റി അന്വേഷിക്കാൻ മുഖ്യമന്ത്രിയും വ്യവസായ മന്ത്രിയുംകൂടി ഇട്ട ആർഡർപോലും പ്രതിബന്ധപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ടു്. അന്വേഷണത്തിനാവശ്യമായ രേഖകൾപോലും കൊടുക്കാതെ മാറ്റിവച്ചു് അന്വേഷണത്തിനു വിധേയനായ ഉദ്യോഗസ്ഥനെ പുഴുത്തിവച്ചു. അന്വേഷണം നടത്തിയവരെ തടസ്സപ്പെടുത്തുകയും അവരെ ശിക്ഷിക്കുകയും ചെയ്തു മാത്രമല്ല, വിജിലൻസു് വകുപ്പിലെ ഉദ്യോഗസ്ഥന്മാരെപ്പോലും വിളിച്ചുവരുത്തി അന്വേഷണം തടസ്സപ്പെടുത്താൻ തയ്യാറായി. സ്മാൾ സ്കെയിൽസു് ഇൻഡസ്ട്രീസു് കാർപ്പറേഷൻ ചെയർമാൻ തമ്പി തോമസിന്റെ മേൽ ആരോപണമുണ്ടായപ്പോൾ മുതൽ തുടങ്ങിയതാണു് ഇതു്. അഴിമതിക്കാരെ സംരക്ഷിക്കാൻ ശ്രീമാൻ തോമസു് ശ്രമിച്ചുകൊണ്ടിരിക്കുകയാണു്.

ആലപ്പുഴയിലെ ശ്രീ. വക്കന്റെ കാര്യം ഇതിനുമുമ്പുതന്നെ ഇവിടെ പറഞ്ഞിട്ടുള്ളതാണു്. അതിനെപ്പറ്റി അന്വേഷിച്ചാൽ മുഖ്യമന്ത്രിക്കുടി പ്രതിയാകുമെന്നാണു് വ്യവസായമന്ത്രി പറയുന്നതു്. എന്നാൽ വ്യവസ്ഥകളൊന്നുമില്ലാതെ വായ്പകൊടുത്തതു് യാതൊരു കാരണവശാലും ഒന്നും ചെയ്യാൻ പാടില്ലാത്ത സ്ഥിതിയിലാണു് മുഖ്യമന്ത്രിയുടെ അടുത്തുപോയതു്. റാറ്റിഫിക്കേഷനു വേണ്ടി മാത്രമാണു് പോയതു്

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായമന്ത്രി ടി. വി. തോമസിനാണു് അതിന്റെ പരിപൂർണ്ണമായ ഉത്തരവാദിത്വം. മുഖ്യമന്ത്രി കൂടി അതിൽ പ്രതിയാകുകയാണെങ്കിലും എനിക്കു് യാതൊരു വിരോധവുമില്ല. പക്ഷെ, അദ്ദേഹത്തിനു് പ്രതിയാകാൻ പറ്റുകയില്ല. ചെയ്ത ആളുകളാണു് കുറക്കാർ.

തോഷിബാ ആനന്ദാണു് അവക്കു് ഏറ്റവും പ്രിയപ്പെട്ട സ്ഥാപനം. അവക്കു് അവിഹിതമായ പല ആനുകൂല്യങ്ങളും വ്യവസായമന്ത്രി ചെയ്തുകൊടുത്തിട്ടുണ്ടു്. ബംബു് വാങ്ങിച്ചതിലും മറ്റും വളരെയധികം അഴിമതികളും നടന്നിട്ടുണ്ടു്. ലോവസ്റ്റു് ടെൻഡർ വേണ്ടെന്നു വച്ചിട്ടു് തോഷിബാ ആനന്ദിൽനിന്നും ബംബു് വാങ്ങി. വ്യവസായ കോർപ്പറേഷന്റെ ഗ്യാരൻറിയിൽ 90 ലക്ഷം രൂപാ കൊടുത്തപ്പോൾ അതിനു കോർപ്പറേഷനു കിട്ടേണ്ട കമ്മീഷൻ കിട്ടാതിരിക്കാൻ മനപ്പൂർവ്വം പരിശ്രമിച്ചിട്ടുണ്ടു്. മാത്രവുമല്ല. ചെലവാകാത്തഷെയറുകളും ഫിനാൻഷ്യൽ കോർപ്പറേഷനെക്കൊണ്ടു് ചട്ടവിരുദ്ധമായി വാങ്ങിപ്പിച്ചു. ഫിനാൻഷ്യൽ കോർപ്പറേഷനു് സ്വകാര്യകമ്പനികളിൽനിന്നും ഷെയറെടുക്കാനുള്ള അധികാരമില്ല. ഇൻഡസ്ട്രിയൽ കോർപ്പറേഷനാണു് വാങ്ങേണ്ടതു്. ഈ അഴിമതികളെപ്പറ്റി കോർപ്പറേഷൻ മിനിട്സിൽ പരാമർശമുണ്ടു്. അതുപോലെതന്നെ ആഡിറ്റുകാർ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. പി. ആർ. കുറുപ്പിന്റെ കാര്യമാണു് അതിലും മനോഹരം. തലശ്ശേരി രജിസ്ട്രാരാഫീസിൽപോയാൽ മഹാഭാരതത്തെക്കാളും മഹത്തായ കഥകളും കേൾക്കാം. അദ്ദേഹത്തിന്റെ മകന്റെയും മരുമകന്റെയും സ്വന്തക്കാരുടേയും മറ്റു ആശ്രിതരുടേയും പേരിൽ വാങ്ങിയിട്ടുള്ള വസ്തുക്കളുടെ കാര്യം തെളിയിക്കാൻ ഞാൻ തയ്യാറാണു്. അഴിമതിക്കു് അതീതമായി നിന്നുകൊണ്ടു് അഴിമതിയെപ്പറ്റി പറഞ്ഞിരുന്നെങ്കിൽ മനസ്സിലാക്കാമായിരുന്നു. ഇവക്കു് അഴിമതിയോടു വിരുദ്ധമാണുപോലും. അവക്കു് വിരോധം ഐക്യമുന്നണി പ്രസ്ഥാനത്തോടാണു്. കാൺഗ്രസ്കാരോടുകൂടി ചേർന്നു നിന്നുകൊണ്ടു് ഈ രാജ്യത്തെ ഐക്യമുന്നണി പ്രസ്ഥാനത്തെ പൊളിക്കാനാണു് ഇവർ ശ്രമിക്കുന്നതു്.

സർ, എന്റെ പത്രത്തിൽതന്നെ ഇദ്ദേഹത്തെ സംബന്ധിച്ചു പല ആരോപണങ്ങളും വന്നിട്ടുണ്ടു്. അതെല്ലാം വളരെ വിശദമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കോഴഞ്ചേരി കൺട്രാക്റ്റർ ശ്രീ. പൈലിപിള്ളക്കു് ഗവണ്മെൻറുവക ഒരു കമ്പ്രസർയന്ത്രം വിറ്റതിലും ആ കമ്പ്രസറിന്റെ മുൻകാല വാടക ഇളവുചെയ്തുകൊടുത്ത കാര്യത്തിലും അഴിമതി നടന്നിട്ടുണ്ടു്. വാടക വിലയായി പരിഗണിച്ചാണു് അതു കൊടുത്തതു്. ചീഫ് എഞ്ചിനീയറുടെ അഭിപ്രായത്തെയും മറികടന്നുകൊണ്ടാണു് ഇതിന്റെ ഇടപാട് നടന്നിട്ടുള്ളതു്. ഇങ്ങനെ അനർഹമായ പല ആനുകൂല്യങ്ങളും ചെയ്തുകൊടുത്തിട്ടുണ്ടു്.

പമ്പാ ഇറിഗേഷൻ ടണൽകോൺട്രാക്റ്റു കാൺട്രാക്റ്ററുടെ ആഗ്രഹപ്രകാരം റദ്ദുചെയ്തു് അയാൾക്കു് ലാഭമുണ്ടാക്കിക്കൊടുക്കുകയും ഗവണ്മെൻറിനു നഷ്ടം വരുത്തിവയ്ക്കുകയുംചെയ്തു.

പാനൂർ പത്മാ ടാക്കീസിന്റെ ഉടമസ്ഥൻ ശ്രീ. കെ. പി. ദിവാകരൻ ശ്രീ. പി. ആർ. കുറുപ്പിന്റെ മൂത്തമകനാണു്. 75,000 രൂപ വിലവരുന്ന ഈ ടാക്കീസു് ശ്രീ.പി. ആർ. കുറുപ്പു് മന്ത്രിയായതിനുശേഷം ഉണ്ടാക്കിയതാണു്. അദ്ദേഹത്തിനു് യാതൊരുബിസിനസുമില്ല. അതുപോലെതന്നെ ശ്രീ.പി. ആർ. കുറുപ്പു് മന്ത്രിയായതിനുശേഷം 50,000 രൂപ വിലവരുന്ന സ്ലൂം എന്റെ സ്നേഹിതൻ ശ്രീ. പി. ആർ. കുറുപ്പിന്റെ മകൻ വിലക്കു വാങ്ങുകയുണ്ടായി. പാനൂരിലെ 50,000 രൂപ വിലവരുന്ന പഴയ കോടതി ബിൽഡിംഗു് നിർമ്മലാനന്ദൻ എന്നറിയപ്പെടുന്ന മൊകേരി അംശം ദേശത്തു് താമസിക്കുന്ന കുഞ്ഞിപ്പറമ്പത്തു് അനന്തൻ എന്നയാളുടെ പേരിൽ തീറുവാങ്ങി. ഈ അനന്തൻ മന്ത്രി ശ്രീ. പി. ആർ. കുറുപ്പിന്റെ അനുജൻ ശ്രീ. രാഘവൻനായർ പ്രസിഡൻറായ പാനൂർ കോവാപ്പറേറ്റീവു് ബാങ്ക്

LIBRARY ARCHIVES Kerala Legislative Assembly

ബാങ്കിന്റെ പ്യൺ കം വാച്ചറാണു്. ഈ മനുഷ്യനു് ഈ കെട്ടിടം വിലയ്ക്കുവാങ്ങാനുള്ള സാമ്പത്തികശേഷിയില്ല. അങ്ങനെ ഈ ഗവണ്മെന്റിലെ പല മന്ത്രിമാക്കുമെതിരായിധാരാളം അഴിമതിയാരോപണങ്ങളും പൊന്തിവന്നിട്ടുണ്ടു്. ശ്രീ. വെല്ലിംഗ്ടന്റെ പേരിൽ മാത്രം അഴിമതി ആരോപണങ്ങളുംപൊക്കിപ്പിടിച്ചുകൊണ്ടു വരുന്നതു് വെറും വ്യക്തിവിരോധം വച്ചുകൊണ്ടാണു്. വെല്ലിംഗ്ടനെ സംബന്ധിച്ചുള്ള അന്വേഷണത്തിനു് ഞാൻ എതിരല്ല. ആരെക്കുറിച്ചു് അന്വേഷിക്കുന്നതിലും ഞാൻ എതിരല്ല. ആരെക്കുറിച്ചെല്ലാം അഴിമതി ആരോപണങ്ങളും ഉണ്ടായോ അവയെല്ലാം അന്വേഷിക്കണം. പക്ഷെ വലതു കമ്മ്യൂണിസ്റ്റുപാർട്ടി ഇപ്പോളും സ്വീകരിച്ചിരിയ്ക്കുന്ന ഈ ഒറ്റതിരിഞ്ഞുള്ള ആക്രമണം ഏതു ജനാധിപത്യ സമ്പ്രദായമനുസരിച്ചുള്ളതാണെന്നുള്ളതു് എനിയ്ക്കു മനസ്സിലാകുന്നില്ല. ഇതേക്കുറിച്ചു ഭരണകക്ഷികളും ആലോചിക്കേണ്ടതാണു്. പക്ഷേ ഭരണകക്ഷികളും ഇതേക്കുറിച്ചു് ആലോചിച്ചിട്ടില്ല. അങ്ങനെ ആലോചിക്കുന്നതിനുമുമ്പു് ഇതു ചെയ്യുക എന്നു വച്ചാൽ അതിന്റെ അർത്ഥം ഗവണ്മെന്റിന്റെ പ്രവർത്തനം തടസ്സപ്പെടുത്തുക എന്നുള്ളതാണു്. വെല്ലിംഗ്ടന്റെ പേരിൽ മാത്രം ഉണ്ടായ അഴിമതി ആരോപണങ്ങളെപ്പറ്റി അന്വേഷിക്കണമെന്ന പ്രമേയവുമായി വന്ന വക്കു ധീരതയുണ്ടെങ്കിൽ, ആത്മാർത്ഥതയുടെ കണികയുണ്ടെങ്കിൽ ആരോപണ വിധേയരായ എല്ലാമന്ത്രിമാരുടെ പേരിലും അന്വേഷണം നടത്തണമെന്നു് ആവശ്യപ്പെടാമായിരുന്നു. അല്ലാതെ ഒറ്റ തിരിഞ്ഞു ആക്രമിക്കുന്നതു് നീതിയല്ല. ഇവിടെ ഉണ്ടായ ആരോപണങ്ങളും മൂക്കട്ടെ എന്നാണോ വിചാരിയ്ക്കുന്നതു്? ഏതു അഴിമതിയെ സംബന്ധിച്ചും അന്വേഷിക്കണമെന്നുള്ള കാര്യത്തിനോടു് ഞാനും എന്റെ പാർട്ടിയും പരിപൂർണ്ണമായി യോജിക്കുകയാണു്. അഴിമതിക്കാരായ ആളുകളെ ഒരു ദിവസംപോലും വച്ചുകൊണ്ടിരിക്കാൻ പാടില്ല. പക്ഷേ തങ്ങളുടെ മന്ത്രിമാരുടെ പേരിൽ വ്യക്തമായ അഴിമതി ആരോപണങ്ങളും ഉണ്ടായിരിക്കേ അതിനെ മറച്ചുപച്ചിട്ടു് അഴിമതിയെപ്പറ്റി പ്രസംഗിക്കുന്ന വലതു കമ്മ്യൂണിസ്റ്റുകാരുടെ ഉരുണ്ടകളി ഈ രാജ്യത്തിലെ ജനങ്ങളും നല്ലവണ്ണം മനസ്സിലായിട്ടുണ്ടു്. കോൺഗ്രസിന്റെ പിൻതുണയോടുകൂടി വലതു കമ്മ്യൂണിസ്റ്റു പാർട്ടി ഉയർത്തിയിരിക്കുന്ന ഒരു കാരിയാണു് ഇതു്. ഈ കാരി പിടിച്ചുവാങ്ങാൻ ഈ രാജ്യത്തിലെ ജനങ്ങളും കഴിയും. ഞങ്ങളും ഈ പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. ബേബിജാൺ : ഈ ആരോപണങ്ങളൊക്കെ ദേശാഭിമാനിയിൽ വന്നതല്ലേ?

ശ്രീ. പി. ഗോവിന്ദപ്പിള്ള : അതുകൊണ്ടാണു് ഇതേക്കുറിച്ചു് അന്വേഷിക്കുന്നതിൽ ഞങ്ങളും എതിരല്ലെന്നു പറഞ്ഞതു്. അതുപോലെ ശ്രീ. ബേബിജാണിനു് ആത്മാർത്ഥതയുണ്ടെങ്കിൽ ശ്രീ. എം. എൻ. ഗോവിന്ദൻനായരുടെയും, ടി. വി. തോമസിന്റെയും പേരിലുള്ള അഴിമതി ആരോപണങ്ങളെപ്പറ്റിക്കൂടി അന്വേഷിക്കാൻ ആവശ്യപ്പെടണം.

ശ്രീ. ബേബിജാൺ : ശ്രീ. ടി. കെ. ദിവാകരൻ തന്റെ പേരിൽ അന്വേഷണം നടത്താൻ ആവശ്യപ്പെട്ടിട്ടുണ്ടല്ലോ.

(ഈ സമയം മാർക്സിസ്റ്റുപാർട്ടി മെമ്പർമാരായ ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ, ശ്രീ. സി. കെ. ബാലകൃഷ്ണൻ, ശ്രീ. വി. വി. ദക്ഷിണാമൂർത്തി തുടങ്ങിയ മെമ്പർമാർ ബഹളമുണ്ടാക്കിക്കൊണ്ടു് ചാടിയെഴുന്നേറ്റു ഇപ്രകാരം പറഞ്ഞു, ആ ഉദ്ദേശം വേണ്ട, അതു മനസ്സിലിരിക്കട്ടെ എന്നു്)

ശ്രീ. പി. ഗോവിന്ദപ്പിള്ള : ശ്രീ. ബേബിജാൺ പറഞ്ഞു, തന്റെ പാർട്ടിയിലെ ആളുകളെപ്പറ്റി അന്വേഷണം നടത്തുന്നതിനു് തയ്യാറാണെന്നു്, ദേവസ്വം ബാർഡു് പ്രസിഡൻറിന്റെ പേരിലുള്ള അന്വേഷണത്തിന്റെ കാര്യം എങ്ങിനെ

LIBRARY ARCHIVES Kerala Legislative Assembly

യിരിക്കുന്നു എന്നുള്ള കാര്യം നമുക്കറിയാമല്ലോ. അന്വേഷണത്തിനു് വിധേയനായിട്ടുള്ള പ്രാക്കളും മാസി അന്വേഷണത്തെത്തന്നെ തടസ്സംകൊണ്ടു് നടക്കുകയാണു്.

മി സ്പീക്കർ : ശ്രീ മൊറായിസിനു് ഭേദഗതി മൂവു് ചെയ്യുകൊണ്ടു് രണ്ടു മിനിട്ടു് സംസാരിക്കാം.

ശ്രീ. കെ. കെ. അബു : ശ്രീ. രാമുണ്ണി ജലസേചന വകുപ്പുമന്ത്രിക്കെതിരെ പ്രധാനപ്പെട്ട ചില ആരോപണങ്ങളാണു് ഉന്നയിച്ചിരിക്കുകയാണു്, അതുകൊണ്ടു് ഞങ്ങളുടെ പാർട്ടിയിൽപ്പെട്ടവർക്കു് സംസാരിക്കുന്നതിനു് സമയം നൽകണം.

**Shri J. Camalias Moraes** : Sir, I move: In the Resolution, delete the words and figures ''1952–ലെ കമ്മിഷൻ ഓഫ് ഇൻക്വയറി ആക്ടനുസരിച്ചു്''. ആരോഗ്യമന്ത്രിയുടെ പേരിൽ കൊണ്ടുവന്നിരിക്കുന്ന ഈ പ്രമേയം തീർച്ചയായും വെറും ദ്രോഹകരമായ നിലയിലാണെന്നുള്ളതു് ഞാൻ ആദ്യമായി പറഞ്ഞുകൊള്ളട്ടെ. ഇപ്പോഴും ഭരണം നടത്തിക്കൊണ്ടിരിക്കുന്ന ഗവണ്മെൻറിലെ ഒരു ഘടകകക്ഷിയായ വലതു കമ്മ്യൂണിസ്റ്റു് പാർട്ടിയിലെ ഒരു മെമ്പറാണു് ഈ പ്രമേയം ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയെ ഈ മന്ത്രിസഭയിൽനിന്നു് ഏതെങ്കിലും തരത്തിൽ നിഷ്കാസനം ചെയ്യണമെന്ന ദുരുദ്ദേശത്തോടുകൂടിയാണു് ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നതു്. അതിനു് ഇവിടത്തെ കോൺഗ്രസ്സു് കക്ഷിയും കേരളാ കോൺഗ്രസ്സു് കക്ഷിയും കൂട്ടുനിൽക്കുകയാണു്. മന്ത്രി വെല്ലിംഗ്ടൺ മാത്രമാണു് അഴിമതി നടത്തിയിട്ടുള്ളതു്, എന്നുള്ള അടിസ്ഥാനത്തിൽ അഴിമതി ആരോപണമുള്ള മറ്റു മന്ത്രിമാരെ മാറിനിറുത്തി വെല്ലിംഗ്ടണിന്റെ പേരിൽമാത്രം അന്വേഷണം നടത്തി ഇവിടെ ഒരു സംശുദ്ധമായ ഭരണം ആവശ്യപ്പെടുന്ന കോൺഗ്രസ്സുകാർ ഇത്ര താണനിലവാരത്തിലേക്കു് അധഃപതിച്ചുപോയതിൽ ഞാൻ ഖേദം രേഖപ്പെടുത്തുകയാണു്. മന്ത്രി ശ്രീ. വെല്ലിംഗ്ടൺ അദ്ദേഹത്തിന്റെ പേരിലുണ്ടായ ആരോപണങ്ങളെ ചലഞ്ചു് ചെയ്തുകൊണ്ടു് ഒരു കേസു് ഏറണാകുളം ഡിസ്ട്രിക്ടു് മജിസ്ട്രേട്ടു് കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് ഈ കാര്യങ്ങളെക്കുറിച്ചു് ഇവിടെ സംസാരിക്കുന്നതു് സബ്ജുഡീസാണെന്നുള്ളതു് ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു് പായിൻറു് ഓഫ് ആർഡർ വഴി ഉന്നയിക്കാൻ പല പ്രാവശ്യം ശ്രമിച്ചിട്ടും സ്പീക്കർ അതിനു് ഞങ്ങൾക്കു് ഒരവസരം തരാത്തതിൽ ഖേദം രേഖപ്പെടുത്തുകയാണു്.

അതുപോലെതന്നെ ഇവിടെ പല മന്ത്രിമാരുടെ പേരിൽ അഴിമതി ആരോപണങ്ങളും ഉണ്ടായിട്ടും അതിനെക്കുറിച്ചെല്ലാം അന്വേഷിക്കുന്നതിനു് ആവശ്യപ്പെടാതെ ശ്രീ. വെല്ലിംഗ്ടണിന്റെ പേരിൽമാത്രം ഉണ്ടായ ആരോപണങ്ങളെപ്പറ്റി അന്വേഷിക്കണമെന്നു ആവശ്യപ്പെടുന്നതു് ഒരു മന്ത്രിയെ എങ്ങനെയെങ്കിലും തേജോവധം ചെയ്യുന്നതിനുവേണ്ടി യാണു്. രാഷ്ട്രീയ ഗൂഢാലോചനയുടെ ഫലമായാണു് വലതു കമ്മ്യൂണിസ്റ്റുപാർട്ടി ഇങ്ങനെയൊരു പ്രമേയം കൊണ്ടുവന്നിരിക്കുന്നതു്. അതുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. ടി. എ. മജീദു് : പ്രമേയത്തിൽ ''ഹൈക്കോടതി ജഡ്ജിയേയോ റിട്ടയേർഡ് ഹൈക്കോടതിജഡ്ജിയേയോ'' എന്നു പറയുന്നതിനുപകരം ''ഹൈക്കോടതിജഡ്ജിയെ'' എന്നു ചേർക്കണം എന്നും, പ്രമേയത്തിൽ '18-10-1969 നകം' എന്നതിനുപകരം 'രണ്ടാഴ്ചക്കകം' എന്നു ചേർക്കണം എന്നും രണ്ടു ഭേദഗതികളും അവതരിപ്പിച്ചുകൊള്ളുന്നു. എന്റെ ഭേദഗതികളും പ്രമേയകർത്താവു് സ്വീകരിക്കണമെന്നു ഞാൻ ആവശ്യപ്പെടുകയാണു്.

മി. സ്പീക്കർ : ശ്രീ. കുഞ്ഞമ്പുവിനു ഭേദഗതി അവതരിപ്പിക്കാം.

ശ്രീ. വി. വി. കുഞ്ഞമ്പു : Sir, I move: പ്രമേയത്തിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളെപ്പറ്റി അന്വേഷണം നടത്താൻ 1952 ലെ കമ്മീഷൻ ഓഫ്

LIBRARY ARCHIVES Kerala Legislative Assembly

ഇൻകപയറി ആക്ടനുസരിച്ച് 'ഒരു ഹൈക്കോടതി ജഡ്ജിയേയോ റിട്ടയാർഡ് ഹൈക്കോടതി ജഡ്ജിയേയോ' എന്നതിനുപകരം 'ഒരു ഹൈക്കോടതി ജഡ്ജിയാകാൻ യോഗ്യത പ്രാപിച്ചിട്ടുള്ള സുസമ്മതനായ ഒരു വ്യക്തിയേയോ' എന്നു കൂട്ടിച്ചേർക്കുകയും ചെയ്യുക. ഒരു മന്ത്രിയെ ദുഷ്പ്രേരിപ്പിച്ചുകൊണ്ട് അന്വേഷണം നടത്തണമെന്ന് പ്രമേയം കൊണ്ടുവരുന്നതിനു പകരം ആരോപണവിധേയരായ എല്ലാ മന്ത്രിമാരെക്കുറിച്ചും അന്വേഷണം നടത്തുന്നതിനു ഒരു പ്രമേയം കൊണ്ടുവരാൻ വേണ്ടത് കമ്മ്യൂണിസ്റ്റുപാർട്ടി തയ്യാറാകേണ്ടതായിരുന്നു. അങ്ങനെ ഒരു നടപടിക്കു മുതിരാതെ ഈ രീതിയിൽ ഒരു പ്രമേയം കൊണ്ടുവന്നത് ഭേദകരമായ സംഗതിയാണ്. അതുകൊണ്ട് അഴിമതി ആരോപണവിധേയരായ എല്ലാ മന്ത്രിമാരെക്കുറിച്ചും അന്വേഷിക്കുവാൻ റിട്ടയാർഡ് ജഡ്ജിയേയോ, ജഡ്ജിയാകാൻ യോഗ്യതയുള്ള സുസമ്മതനായ ഒരാളെയോകൊണ്ട് അന്വേഷണം നടത്തുന്നതിനു തയ്യാറാകണം.

ശ്രീ. എം. രാമുണ്ണി : അഴിമതിയെപ്പറ്റി ഇവിടെ വല്ലതും പറയാൻ ധാർമ്മികമായി അവകാശമുള്ള ഏകഘടകം എസ്. എസ്. പി. യാണെന്നുള്ളതു ഞാൻ അഭിമാനപൂർവ്വം പറയുന്നു. ഞങ്ങളും പി. കെ. കുഞ്ഞിനെതിരായി ആരോപണങ്ങളും ഉന്നയിച്ചതിനു ഐക്യമുന്നണി കോഓർഡിനേഷൻ കമ്മിറ്റി ഞങ്ങളെ പരസ്യമായി ശാസിച്ചതു വേദനയോടുകൂടി ഓർക്കുകയാണു്. ഞങ്ങളും അതിനുശേഷം ആരോപണങ്ങളും കൊണ്ടുവരാതിരുന്നതു ഐക്യം പാലിക്കണമെന്നുള്ള ഒരൊറ്റ ഉദ്ദേശത്തോടുകൂടിയായിരുന്നു. ശ്രീ. കുറ്റിപ്പുറത്തിന്റെ പേരിൽ ആരോപണങ്ങളും ഉന്നയിച്ചാൽ ഞങ്ങളെ വകവരുത്തിക്കളയുമെന്നുള്ള ഉറപ്പുകൊണ്ടുതന്നെയും ഞങ്ങളും കിട്ടുകയുണ്ടായി. അതൊന്നും വകവയ്ക്കാതെ ഞാൻ രണ്ടു മൂന്നു ആരോപണങ്ങളും ശ്രീ. കുറ്റിപ്പുറത്തിനെതിരായി ഇവിടെ ഉന്നയിക്കുകയാണു്.

ഒന്നേകാൽ ലക്ഷം രൂപയിലധികം വിലവരുന്ന തലശേരിയിലെ ജനതാ പ്രിന്റിംഗ് പ്രസ്സ് ശ്രീ. കുറ്റിപ്പുറം സാമ്പത്തികമായി തീരെ കഴിവില്ലാത്ത തന്റെ പാർട്ടി സെക്രട്ടറി ശ്രീ. പി. കുഞ്ഞിരാമക്കുറുപ്പിന്റെ പേരിൽ ബിനാമിയായി നടത്തുകയാണു്.

മന്ത്രി ശ്രീ. പി. ആർ. കുറുപ്പിന്റെ മകളുടെ പേരിൽ മൂന്നു കാറുകളും അദ്ദേഹം വാങ്ങിയിട്ടുണ്ടു്.

ശ്രീ. ബി. മാധവൻനായർ : ഇതേമാതിരിയുള്ള ആരോപണങ്ങളും ഉന്നയിക്കാൻ അവസരം കൊടുക്കുകയാണെങ്കിൽ ഞങ്ങളുടെയും എസ്. എസ്. പി. മെമ്പർമാരെക്കുറിച്ചു് ആരോപണങ്ങളും ഉന്നയിക്കാനുണ്ടു്. അതിനു് അവസരം നൽകണം.

മി. സ്പീക്കർ : നേരത്തെ എഴുതിത്തന്നിട്ടാണു് അദ്ദേഹം ആരോപണങ്ങളും ഉന്നയിക്കുന്നതു്. അതുകൊണ്ടു് അതു് ഉന്നയിക്കാനുള്ള അവകാശം അദ്ദേഹത്തിനുണ്ടു്.

ശ്രീ. എം. രാമുണ്ണി : വിഴിഞ്ഞം ഹാർബർകാൺട്രാക്ടിൽ ഒരിനത്തിൽ ട്രീപ്പോഡ് സ്റ്റാൻഡ് നിർമ്മിക്കുകയും കടലിൽ സ്ഥാപിക്കുകയും ചെയ്യേണ്ട ഇനത്തിൽ ടെണ്ടർ സ്ഥിരപ്പെടുത്തിക്കൊടുത്ത കരാറുകാരൻ ജോലി ശരിക്കു നടത്താത്തതിന്റെ പേരിൽ കരാർ ഡിപ്പാർട്ടുമെന്റു് റദ്ദാക്കി. കരാറുകാരൻ മന്ത്രി കുറ്റിപ്പുറത്തെ സമീപിച്ചു് നഷ്ടപരിഹാരം ആവശ്യപ്പെട്ടു. ഡിപ്പാർട്ടുമെന്റും നിയമവകുപ്പും അതിനെ എതിർത്തിട്ടും ലക്ഷക്കണക്കിനു് രൂപാ അനുവദിച്ചുകൊടുക്കുകയും അതിൽ നിന്നു് വലിയൊരു തുക മന്ത്രി പറ്റുകയുംചെയ്തു.

അനേകം സഹകരണസംഘങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട ഡയറക്ടർ ബോർഡിനെ സൂപ്പർസീഡ് ചെയ്യുകയും പകരം മന്ത്രിക്കു് ഇഷ്ടമുള്ള ഉദ്യോഗസ്ഥന്മാരെ സ്പെഷ്യൽ ആഫീസറന്മാരായി നേരിട്ടു് നിയമിച്ചു് പണം വാങ്ങുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ചെങ്ങന്നൂർ താലൂക്കിൽ പാണ്ടനാട് വില്ലേജിൽ ഗ്രോ മോർ സപ്ലൈ കെട്ടുന്ന 5 ലക്ഷം രൂപായുടെ ഒരു പ്രവൃത്തി കോളൂരിയത്തിന് ബേബി എന്ന നാമിനിക്ക് ഐ. എസ്. പി. ക്കാരായ വേങ്ങയിൽ പി. കെ. മാത്യു മുഖേന കൊടുത്തു.

ഇങ്ങനെ പല ആരോപണങ്ങളും ജലസേചനവകുപ്പുമന്ത്രിക്കെതിരായി ഞങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ഈ ആരോപണങ്ങളെക്കുറിച്ചെല്ലാം അന്വേഷിക്കണം.

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ) : സർ, ഇത്രമാത്രം പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നത്തെപ്പറ്റി ചർച്ച ചെയ്യുമ്പോൾ പ്രസംഗം സമയപരിധിക്കകത്തു് ഒതുക്കിനിറുത്തണമെന്നു് അങ്ങു് കർശനമായി നിർബന്ധിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുകയാണു്. ഈ അസംബ്ലിയുടെ ചരിത്രത്തിൽ ഇത്രപോലൊരു അവസരം ആക്ഷേപം നേരിടേണ്ടി വന്നിട്ടുണ്ടാകുമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഒന്നിച്ചു് തോളിൽ പിടിച്ചു് നടന്ന ആളുകൾ അന്യരായി മാറി ബ്രൂട്ടസിനെപ്പോലെ പിന്നിൽനിന്നു കുത്തുന്ന ഒരു അനുഭവമാണു് എനിക്കു് ഇപ്പോൾ ഉണ്ടായിരിക്കുന്നതു്. ഈ മന്ത്രിസഭയിലെ, ഐക്യമുന്നണിയിലെ ഏറ്റവും ശക്തി കുറഞ്ഞ ഒരു കണ്ണിയാണു് ഞാൻ. ഈ ഐക്യമുന്നണി മന്ത്രിസഭക്കു് പിൻതുണ നൽകിയവർ, ഈ ഐക്യമുന്നണിക്കു് രൂപംകൊടുത്ത ആളുകൾ എന്നും ഗവണ്മെൻറിന്റെ പിന്നിൽ ഉണ്ടായിരിക്കുമെന്നുള്ള ആത്മാർത്ഥമായ വിശ്വാസത്തോടുകൂടിയാണു് ഞാൻ ഈ മന്ത്രിസഭയിൽ അംഗമായി ചേർന്നതു്. കുറേക്കഴിഞ്ഞതിനുശേഷം, പത്തു മുപ്പതു മാസക്കാലം കഴിഞ്ഞപ്പോൾ എന്നെ മന്ത്രിയാക്കാൻ കൈപൊക്കിയ നാലു കക്ഷിയിലെ സ്നേഹിതന്മാർതന്നെയാണു് ഇപ്പോൾ എന്റെ നേരെ ഖഡ്ഗം ഉയർത്തിയിരിക്കുന്നതു്. എന്റെ മാന്യസ്നേഹിതന്മാരോടു് സത്യസന്ധതയോടും നീതിബോധത്തോടും വിനയത്തോടും ഞാൻ ചോദിക്കുകയാണു്, ഈ അസംബ്ലിയുടെ മുൻപിൽ ഒരു പ്രമേയം അവതരിപ്പിച്ചു് എന്നെ അന്വേഷണത്തിനു് വിധേയമാക്കണമെന്നു പറഞ്ഞ ശ്രീ. ചന്ദ്രശേഖരൻനായർക്കു് എന്റെ പേരിൽ ഏതെങ്കിലും അഴിമതി ആരോപണം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടോ എന്നു്. എന്റെ പേരിൽ അദ്ദേഹം ഒരു അഴിമതി ആരോപണവും കൊണ്ടുവന്നിട്ടില്ല എന്നുള്ളതു് ഞാൻ വേദനയോടുകൂടി ഓർത്തുപോകുകയാണു്. ശ്രീ. ചന്ദ്രശേഖരൻനായരുമായി തട്ടിച്ചുനോക്കുമ്പോൾ പ്രതിപക്ഷത്തിലെ മെമ്പറന്മാരായ ശ്രീ. മാണിയും, ശ്രീ. ദേവസ്സിക്കുട്ടിയും, ശ്രീ. കെ. ടി. ജോജ്ജും വളരെ ഉന്നതന്മാരായ വ്യക്തികളാണെന്നു തോന്നിപ്പോകുകയാണു്. സത്യസന്ധമായി അവർക്കു് തോന്നിയ കാര്യം തെറ്റോ ശരിയോ ആകട്ടെ, എഴുതി തന്നിട്ടു് എന്റെ പേരിൽ ഉന്നയിച്ചു് അതു് പ്രതിപക്ഷത്തിന്റെ ചുമതലയാണു്. ഭരണകക്ഷിക്കാർ തെറ്റു ചെയ്യുന്നു എന്നു പ്രതിപക്ഷത്തിനു സംശയം ഉണ്ടാകുമ്പോൾ ആ തെറ്റിൽ നിന്നു് ഗവണ്മെൻറിനേയും മന്ത്രിസഭയേയും പിൻതിരിപ്പിക്കുന്നതിനുവേണ്ടി പ്രതിപക്ഷത്തിന്റെ ചുമതലയെന്നുള്ള നിലയിൽ അവർ ആരോപണങ്ങളും കൊണ്ടുവന്നു. ആ ആരോപണങ്ങൾക്കു് അന്നുതന്നെ ഞാൻ മറുപടി പറഞ്ഞിട്ടുള്ളതാണു്.

ശ്രീ. എം. കെ. എ. ഹമീദ് : സർ, പന്ത്രണ്ടര മണി കഴിഞ്ഞു. സഭ ഇപ്പോൾ പിരിയണം. ഈ കാര്യം പിന്നെ എപ്പോഴും വേണമെങ്കിലും ചർച്ച ചെയ്യാം.

ശ്രീ. ബി. വെല്ലിംഗ്ടൺ : സർ, പല കേസുകളും ഉന്നയിച്ചുകൊണ്ടു് എനിക്കെതിരായി ഈ നിയമസഭയിൽ കൊണ്ടുവന്ന അഴിമതി ആരോപണങ്ങൾക്കെല്ലാം എണ്ണിയെണ്ണി ഞാൻ മറുപടി പറഞ്ഞിട്ടുണ്ടു്. ആ മറുപടി കേട്ടിട്ടു് പ്രതിപക്ഷ മെമ്പറന്മാരും, ഇന്നു് എനിക്കെതിരായി അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ പിൻതാങ്ങുന്ന ശ്രീ. ബേബിജാണ്ടും മറ്റുള്ള എല്ലാ മെമ്പറന്മാരും ബഡ്ജറിലെ ഒന്നയാപൈസപോലും വെട്ടിക്കുറയ്ക്കാതെ, എനിക്കെതിരായ അഴിമതി ആരോപണങ്ങളും അടിസ്ഥാനരഹിതമാണെന്നുള്ള എന്റെ വിശദീകരണം തൃപ്തികരമെന്നു കണ്ടിട്ടു് ബഡ്ജറിലെ ഓരോ നയാപൈസയും വെട്ടിക്കുറയ്ക്കാതെ അതു പാസ്സാക്കാൻ മുയത്തിയ കരങ്ങളും തന്നെ, അതേ കാരണത്തിൻ പേരിൽ ഇന്നു് എനിക്കെതിരായി

LIBRARY ARCHIVES Kerala Legislative Assembly

ഉയത്തി പിടിച്ചിരിക്കുന്ന ഖഡ്ഗവുമായി നിൽക്കുന്ന കാഴ്ച ദയനീയമാണ്. സർ. ഒറ്റയൊരാൾ മാത്രമുള്ള ഒരു കക്ഷിയിലെ അംഗമെന്ന നിലയിൽ ഈ എതിർപ്പിനെ വിജയിക്കാമെന്ന വ്യാമോഹം എനിക്കില്ല. എന്റെ സ്നേഹിതൻ ശ്രീ. ബേബി ജാണിനോട് ഞാൻ ചോദിക്കുകയാണ്, ഇതുവരെ പരിശോധിച്ചതിൽ ഇവിടെ ഉന്നയിച്ചിട്ടുള്ളആരോപണങ്ങളിൽ ഒറ്റ ആരോപണമെങ്കിലും അടിസ്ഥാനമുള്ളതാണെന്നുള്ള ബോധ്യമുണ്ടോ എന്ന്. 'എനിക്കു ആരോഗ്യമന്ത്രിയുടെ പേരിൽ ഒറ്റ ആരോപണം പോലും ഇല്ലെ'ന്ന് പറഞ്ഞിരുന്ന ശ്രീ. ബേബി ജാൺ ഇപ്പോൾ എന്റെ പേരിൽ അഴിമതി ആരോപണത്തിനു് അന്വേഷണം നടത്തണമെന്ന പ്രമേയത്തെ പിൻതാങ്ങുന്നതിന്റെ ഉദ്ദേശമെന്താണെന്നു എനിക്കു മനസ്സിലാക്കാൻ പ്രയാസമായിരിക്കുന്നു.

**Shri T. K. Krishnan :** Sir, it is time.

**Mr. Speaker :** We have already agreed to continue.....

(ഭരണകക്ഷിയംഗങ്ങളായ സവ്വശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ, ഇ. എം ജോർജ്ജ്, സി. കെ. ബാലകൃഷ്ണൻ, വി. വി. ദക്ഷിണാമൂത്തി എന്നിവർ എഴുന്നേറ്റുനിന്നു് സഭാനടപടികളം അവസാനിപ്പിക്കണമെന്നും മറൊരു സമയത്തേയ്ക്കോ ദിവസത്തേയ്ക്കോ ഇതിന്റെ ചർച്ച തുടരണമെന്നും ആവശ്യപ്പെട്ടു)

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഇവിടെ ഭേദഗതി അവതരിപ്പിച്ചിട്ടുള്ള എല്ലാവർക്കും സമയം അനുവദിക്കാതെയും, ബഹുമാനപ്പെട്ട തൊഴിൽ മന്ത്രിക്കു നിയമപരമായി പറയാനുള്ളതു മുഴുവൻ പറയാൻ സമയം നൽകാതെയും എല്ലാം നിയമാനുസരണം നടക്കുമെന്നു പറഞ്ഞിട്ടു് ആ സ്ഥിതിക്കു് ഇന്നുതന്നെ ഇതു അവസാനിപ്പിക്കണമെന്നു പറയുന്നതു ശരിയല്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : ഞാൻ ദുർവ്യാഖ്യാനം ചെയ്തുകൊണ്ടു് പോകുന്നതു ശരിയല്ല.

മി. സ്പീക്കർ : പത്തു മിനിട്ടുകൂടി ഇരിക്കാമെന്നു പറഞ്ഞാണു് ചർച്ച തുടങ്ങിയതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : എത്ര സമയം വേണമെങ്കിലും ഇരിക്കാമെന്നു ഞങ്ങൾ പറഞ്ഞു. ആ സമയത്തു അങ്ങു പറഞ്ഞതു്, സഭാനടപടികളം നിയമസഭാചട്ടങ്ങളം അനുസരിച്ചു് നടത്തുമെന്നാണു്. ഇപ്പോഴാണെങ്കിൽ നൂലനുസരിച്ചുള്ള സമയം തീർന്നിരിക്കുകയാണു്.

**Mr. Speaker :** May I know the sense of the House ?

(വീണ്ടും ഭരണകക്ഷിയിൽപെട്ട സർവ്വശ്രീ. സി. കെ. ബാലകൃഷ്ണൻ സി. ബി. സി. വാര്യർ, പി. കെ. കുഞ്ഞച്ചൻ, വി. വി. ദക്ഷിണാമൂത്തി, ഇ. എം ജോർജ്ജ്, എ. എസ്. എൻ. നമ്പീശൻ എന്നിവർ പ്രമേയത്തിന്റെ ചർച്ച ഇനിയൊരു ദിവസത്തേക്കു മാറ്റുകയാണ് വേണ്ടതെന്നു നിർബ്ബന്ധപൂർവ്വം വാദിക്കുകയുണ്ടായി.)

ശ്രീ. എ. എസ്. എൻ. നമ്പീശൻ : പ്രമേയത്തെപ്പറ്റി പലർക്കും പലതും പറയുവാനുണ്ടു്.

മി. സ്പീക്കർ : പത്തോ പതിനഞ്ചോ മിനിട്ടുകൂടി ഇരിക്കാമെന്നു പറഞ്ഞപ്പോൾ ആരും അഭിപ്രായവ്യത്യാസം പറഞ്ഞില്ല.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ തന്നെ പറയണ്ട അവസരം അതായിരുന്നില്ല.

ശ്രീ. കെ. കരുണാകരൻ : ബഹുമാനപ്പെട്ട സ്പീക്കർ നേരത്തെ പറയുകയും ഈ സഭ അംഗീകരിക്കുകയും ചെയ്തതാണു് പത്തു മിനിട്ട സമയംകൂടി തുടർന്നിരിക്കാമെന്നു്.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : പ്രമേയത്തെപ്പറ്റി എല്ലാവർക്കും സംസാരിക്കാൻ സമയം നൽകണമെന്നു ഞങ്ങൾ പറഞ്ഞിട്ടില്ല. എല്ലാവരും സംസാരിച്ചു കൊള്ളണമെന്നും പറയുന്നില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ : എന്തായാലും നിയമാനുസരണം സഭാ നടപടികൾ തുടരണം, ചർച്ച പിന്നെയൊരു അവസരത്തിലേക്കു മാറ്റാവുന്നതേയുള്ളൂ.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഇതിന്റെ ചർച്ച തുടരുന്നതിനു വേണ്ടിടത്തോളം സമയം എടുക്കാമെന്നു ഭരണകക്ഷി സമ്മതിച്ചതാണ്. ആവശ്യമുള്ള സമയം എടുത്തു ചർച്ച ചെയ്യണം.

മി. സ്പീക്കർ : ഈ പ്രമേയത്തെ സംബന്ധിച്ചിടത്തോളം പത്തു പതിനഞ്ചു മിനിട്ടുകൂടി ഇരിക്കാമെന്നു ഞാൻ പറഞ്ഞപ്പോൾ സഭയാതൊരു അഭിപ്രായവ്യത്യാസവും പ്രകടിപ്പിച്ചില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : ഇതിനുവേണ്ടി എത്ര സമയം വേണമെങ്കിലും ഇരിക്കാൻ ഞങ്ങളും തയ്യാറാണ്. പക്ഷേ ഇന്നു സാധിക്കുകയില്ല.

മി. സ്പീക്കർ : ഇതിനെ സംബന്ധിച്ചിടത്തോളം എത്ര വേണമെന്നു തീരുമാനിക്കാൻ സഭാനേതാവിനേയും മറ്റു പാർട്ടി നേതാക്കന്മാരുടെയും അഭിപ്രായംകൂടി അറിയണം.

ശ്രീ. മത്തായി മാഞ്ഞൂരാൻ : സർ, വളരെ ഗൗരവതരമായ ഒരു പ്രശ്നമാണിത്. എനിക്കു സംസാരിക്കാൻ സമയം അനുവദിച്ചിട്ടില്ല.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : 5 മിനിട്ടു സമയം കൂടുതൽ അനുവദിക്കാതിരുന്നാലുള്ള പന്ത്രണ്ടര മണിക്കുതന്നെ ഇതു അവസാനിപ്പിക്കണ്ടതായിരുന്നു.

മി. സ്പീക്കർ: 10 നു തുടങ്ങി 12-15 ആയപ്പോഴാണ് ഞാൻ പറഞ്ഞത്, ഇതിന്റെ ചർച്ച അവസാനിപ്പിക്കാൻ നമുക്കു വേണമെങ്കിൽ പത്തു പതിനഞ്ചു മിനിട്ടുകൂടി ഇരിക്കാമെന്ന്. ആ സമയത്തു സഭയാതൊരു അഭിപ്രായ വ്യത്യാസവും പുറപ്പെടുവിച്ചില്ല.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : പലർക്കും ഇതിനെപ്പറ്റി ധാരാളം പറയാനുണ്ട്.

(ഭരണകക്ഷിയിലെ പല മെമ്പറന്മാരും പ്രതിഷേധ ശബ്ദം മുഴക്കിക്കൊണ്ട് എഴുന്നേറ്റു നിന്നു.)

മി. സ്പീക്കർ : അങ്ങനെ നിങ്ങളും എന്നെ ransom-ൽവച്ചുകൊണ്ട് ഒരു തീരുമാനം എടുക്കാനാണ് ഭാവമെങ്കിൽ ആകട്ടെ.

ശ്രീ. എ. പി. കുര്യൻ : സഭാനേതാവുതന്നെ ഇതിനു കൂടുതൽ സമയം വേണമെന്നും ലീഗലായിട്ടുള്ള വാദമുഖങ്ങളും ഉന്നയിക്കാൻ അവസരം കിട്ടണമെന്നും ബഹുമാനപ്പെട്ട സ്പീക്കറോട് അഭ്യർത്ഥിക്കുകയുണ്ടായി. ആ സമയത്തു് അങ്ങു് നിയമത്തിന്റെ തലനാരിഴ കീറുന്ന മട്ടിൽ കൃത്യമായിട്ടുമാത്രം, സഭാ നടപടികൾ പോകണം എന്നു പറഞ്ഞതനുസരിച്ച് ഞങ്ങൾ വഴങ്ങിയതാണ്. ഇപ്പോൾ മണി പന്ത്രണ്ടര കഴിഞ്ഞു. ഇനി തുടരുന്നതു ശരിയല്ല.

മി. സ്പീക്കർ : നിയമത്തിന്റെ തലനാരിഴ കീറുകയാണെങ്കിൽ പന്ത്രണ്ടേ മണിക്കു് സകല ബിസിനസും അവസാനിക്കുമല്ലോ.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ : സഭ ഇനി തുടരാൻ പാടില്ലാത്തതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ഈ പ്രമേയം തന്നെ ബാലറ്റുചെയ്യാൻ പാടില്ലാത്തതാണു്. നിയമവിരുദ്ധമായി കൊണ്ടുവന്ന ചർച്ച അനുവദിച്ചതും, അതിനുവേണ്ടി ഇനിയും സമയം നീട്ടുന്നതും ശരിയല്ല. അതുതെറ്റായ കീഴ്വഴക്കമായിരിക്കും. ഇതു അംഗീകരിക്കാൻ നിവൃത്തിയില്ല.

മി. സ്പീക്കർ : ഇതിനു മുൻപു പല അവസരങ്ങളിലും സഭയുടെ തീരുമാനപ്രകാരം വെള്ളിയാഴ്ച പന്ത്രണ്ടര മണിക്കു ശേഷവും സഭ തുടർന്നിട്ടുണ്ടു്.

ശ്രീ. സി.ബി. ചന്ദ്രശേഖരവാര്യർ : എന്തായാലും ഇതിന്റെ ചർച്ച മറ്റൊരു ദിവസമാകാം, ഇന്നുതന്നെ വേണമെന്നു തിട്ടക്കം കാണിക്കേണ്ട ആവശ്യമില്ല.

ശ്രീ. എ. പി. കുര്യൻ : എല്ലാ മന്ത്രിമാരുടെ പേരിലും അഴിമതി ആരോപണവും അന്വേഷണം നടത്തണമെന്ന പ്രമേയവും ഉണ്ടല്ലോ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മന്ത്രിമാരുടെ മറുപടി കേട്ടിട്ടുവേണം ഞങ്ങൾക്കു അഭിപ്രായം പറയാൻ.

മി. സ്പീക്കർ : രേണകക്ഷിയിലെ പാർട്ടിനേതാക്കന്മാരുടെ അഭിപ്രായംകൂടി അറിയണം.

(ശ്രീ. മത്തായി മഞ്ഞൂരാൻ, ശ്രീ. സി. കെ. ബാലകൃഷ്ണൻ തുടങ്ങി പലരും എഴുന്നേറ്റുനിന്നു തടസ്സവാദങ്ങളും ഉന്നയിച്ചു)

**Mr. Speaker :** I want to know the sense of the House on this point.

**Shri K. M. George :** Sir, Sir.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : സർ, ഇതു് ഓരോ മെമ്പറുടെയും അവകാശമാണു്. പാർട്ടിനേതാക്കന്മാരുടെ അവകാശമല്ല. റൂൾസ് അനുസരിച്ചു് കാര്യം നടക്കണം. ഒരിക്കൽ റൂൾസ് അനുസരിച്ചും പിന്നൊരിക്കൽ അതിനു വിപരീതമായിട്ടും ഒരു നിലപാടു സ്വീകരിക്കുന്നതു ശരിയല്ല. ഏതു ചന്തയിലെ കച്ചവടമാണിതു്?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട പല മന്ത്രിമാരുടെയുംപേരിൽ അഴിമതി ആരോപണങ്ങളും ഉന്നയിച്ചിട്ടുണ്ടു്. സ്വാഭാവികമായിട്ടും മന്ത്രിമാർക്കു പറയാനുള്ള മറുപടി കേട്ടിട്ടു വേണം ഞങ്ങൾക്കു തീരുമാനം എടുക്കാൻ. അതുമാത്രമല്ല, ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി സംസാരിച്ചുതീർന്നിട്ടില്ല. അദ്ദേഹത്തെ കുരിശിൽ തറയ്ക്കാൻ പോകുമ്പോൾ നീതി കിട്ടണമെന്നു അഭ്യർത്ഥിക്കാൻ അവസരം കൊടുക്കേണ്ടതല്ലേ? അതുപോലെതന്നെ ശ്രീ. ഇ. എം. ജോർജ്ജിനു സംസാരിക്കാൻ സമയം കൊടുക്കാമെന്നു പറഞ്ഞതാണു്. തൊഴിൽവകുപ്പുമന്ത്രിക്കു സംസാരിക്കാൻ സമയം അനുവദിക്കാതിരുന്നതിനാൽ നിയമപരമായ പ്രശ്നങ്ങളെപ്പറ്റി സംസാരിക്കാൻ സാധിച്ചിട്ടില്ല. സമയം ഇല്ലാത്തതുകൊണ്ടു് പ്രമേയത്തിന്റെ മെരിറ്റിലേക്കു കടന്നു സംസാരിക്കാൻ സാധിക്കുന്നില്ല. ഇത്ര വേഗം ഇതു പാസ്സാക്കിയെടുക്കാൻ സമയം നൽകുന്നതു ശരിയല്ല. എന്റെ വിനീതമായ അഭിപ്രായം മറ്റൊരു ദിവസത്തേക്കു ഇതിന്റെ ചർച്ച മാറ്റിവയ്ക്കണമെന്നാണു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ചർച്ച മുഴുവൻ പൂർത്തിയാക്കിയതിനുശേഷം, കാര്യങ്ങൾ വിശദമായി പറഞ്ഞുകഴിഞ്ഞതിനുശേഷം ഇതു വോട്ടിനിട്ടാൽ മതി.

ശ്രീ. കെ. എം. ജോർജ്ജു് : സർ, ഇതു നീട്ടിവയ്ക്കേണ്ട യാതൊരാവശ്യവുമില്ല. നിയമാനുസരണം എല്ലാം ചെയ്തുകഴിഞ്ഞു. ബഹുമാനപ്പെട്ട സ്പീക്കർ പത്തു മിനിട്ടു സമയംകൂടി ചർച്ച ചെയ്യാമെന്നു പറഞ്ഞിരുന്നു. സഭ അതു അംഗീകരിച്ചതുമാണു്. ഇപ്പോൾ സമയം കഴിഞ്ഞിരിക്കുകയാണു്. ഇനി വോട്ടിനിടുകയാണു് വേണ്ടതു്.



LIBRARY ARCHIVES Kerala Legislative Assembly

(സർവ്വശ്രീ എ. വി. ആര്യൻ, എം. എസ്. എൻ. നമ്പീശൻ, സി. ബി. ചന്ദ്രശേഖരവാര്യർ, ഇ. എം. ജോർജ്ജ് എന്നിവർ എഴുന്നേറുനിന്നു സഭാനടപടികളും മറ്റൊരു ദിവസത്തേയ്ക്കു മാറ്റിവയ്ക്കണമെന്നും ചർച്ച അവസാനിപ്പിക്കരുതെന്നും ആവശ്യപ്പെട്ടു)

ശ്രീ. എ. പി. കുര്യൻ : ശ്രീ. കെ. എം. ജോർജ് പുതുതായിട്ട് മന്ത്രിസ്ഥാനം ഏറ്റെടുത്തിരിക്കുകയാണ്. അതായിരിക്കും നിയമപ്രകാരം ഇതു വേഗം വോട്ടിനിടണമെന്നു പറയുന്നതു്.

മി. സ്പീക്കർ : ലീഡർ ഓഫ് ദി ഹൗസ് ഒന്നും പറഞ്ഞില്ല. ബഹുമാനപ്പെട്ട ടി. കെ. ദിവാകരനും അഭിപ്രായം പറയണം.

ശ്രീമതി കെ. ആർ. ഗൗരി : ഏതെങ്കിലും വിധത്തിൽ ഒരു പൊതുധാരണയിൽ എത്തിച്ചേരാൻ കൂടിയാലോചന നടത്തുകയായിരുന്നു. പക്ഷേ യോജിപ്പിലെത്തിയില്ല. അതുകൊണ്ടാണു് ഞാൻ ഇതിനെപ്പറ്റി ഒന്നും പറയാതിരുന്നതു്. സാധാരണ റസല്യൂഷൻ മൂവ് ചെയ്യുകയാണെങ്കിൽ അതു ലാപ്സാവുകയില്ല. ഇതിന്റെ ചർച്ച പിന്നീടാകാവുന്നതേയുള്ളു.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : സംസാരിക്കാനുള്ള ഒരു അന്തരീക്ഷം ഇല്ലാതിരുന്നതുകൊണ്ടാണു് ഞാൻ ഒന്നും പറയാതിരുന്നതു്. ബഹുമാനപ്പെട്ട സ്പീക്കർ പത്തു പതിനഞ്ചു് മിനിട്ടു സമയം കൂടി ഇതിനു അനുവദിക്കണമെന്നു പറയുകയും അതു സഭ അംഗീകരിക്കുകയും ചെയ്തതാണു്. ഇപ്പോഴും ആ സമയം ആകുന്നു. അതുകൊണ്ടു കൂടുതൽ സംസാരം കൂടാതെ വോട്ടിനിട്ടു് ഇതു് അവസാനിപ്പിക്കണം.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ചർച്ച മുഴുവൻ ആയിട്ടില്ല. അലിഗേഷനു മറുപടി പറഞ്ഞിട്ടില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : ഇതിന്റെ ചർച്ച മറ്റൊരു ദിവസത്തേക്കു മാറ്റിവയ്ക്കണം.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ) : സർ, കഴിഞ്ഞതവണ ഇതുപോലെയുള്ള ഒരു പ്രമേയം ഇവിടെ വരികയും ഇതുപോലെയുള്ള തടസ്സവാദങ്ങൾകൊണ്ടു് അതു് അവതരിപ്പിക്കാൻപോലും സാധിക്കാതെവരികയും ചെയ്ത പരിതഃസ്ഥിതി അങ്ങു് മനസ്സിലാക്കണം. വാസ്തവത്തിൽ ഈ പ്രമേയത്തെ സംബന്ധിച്ചു് ശരിയായ ചർച്ചകളും നടന്നുകഴിഞ്ഞു. പ്രൈവറ്റു മെമ്പർമാരുടെ പ്രമേയം വരുമ്പോഴും എല്ലാ മെമ്പറന്മാർക്കും, അമെൻറുമെൻറുകളും കൊടുത്തിട്ടുള്ളവർക്കതന്നെയും എല്ലായ്പ്പോഴും സംസാരിക്കുവാൻ കഴിയുമെന്നു് ഗ്യാരൻറി ഇല്ല. ലോകത്തൊരിടത്തും ഇല്ല. അതുകൊണ്ടു് ഇപ്പോഴും നടന്നിടത്തോളമുള്ളതു് ചർച്ചകളായി എടുത്തുകൊണ്ടു് വേണമെങ്കിൽ അഞ്ചു മിനിട്ടു് ഗവണ്മെൻറു ഭാഗത്തുനിന്നും മറുപടി പറയാൻ അനുവദിച്ചതിനുശേഷം ഈ പ്രശ്നം വോട്ടിനിട്ടു് അവസാനിപ്പിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : അതു സാധ്യമല്ല. സമയം കഴിഞ്ഞിരിക്കുകയാണു്. ലീഗലായി അസംബ്ലി പിരിഞ്ഞിരിക്കുകയാണു്.

ശ്രീ. മത്തായി മാഞ്ഞൂരാൻ : വോട്ടിനിടുന്ന പ്രശ്നമില്ല സർ. നേരത്തേ ഞാൻ സംസാരിക്കുവാൻ തുടങ്ങിയപ്പോഴും ബഹുമാനപ്പെട്ട സ്പീക്കർ എന്നെ സംസാരിക്കുവാൻ അനുവദിക്കാതിരിക്കുകയും അഞ്ചു് മിനിട്ടു മാത്രം തരാമെന്നു് പറഞ്ഞതിനു ശേഷം അതുപോലെ തരാതെ എന്നെ തടയുകയും ചെയ്തിട്ടുള്ള സ്ഥിതിക്കു് യാതൊരു കാരണവശാലും സഭാനടപടികളും നീട്ടിക്കൊണ്ടുപോകാൻ സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ : സർ, എനിക്കു് അൽപ്പം സംസാരിക്കുവാനുണ്ടു്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ടി. കെ. ദിവാകരൻ സംസാരിക്കണം.

ശ്രീ. മത്തായി മാഞ്ഞൂരാൻ : അതിനു സാദ്ധ്യമല്ല സർ. ഞാൻ പറയുന്നതും കൂടി കേൾക്കേണ്ടതാണു്. ഞാൻ പറയുന്നതൊന്നും അങ്ങു് കേൾക്കുന്നില്ലെന്നു മാത്രമല്ല എന്നെ സംസാരിക്കുന്നതിനും അനുവദിക്കുന്നില്ല. ഈ പ്രമേയത്തെ സംബന്ധിച്ചിടത്തോളം എനിക്കു് ഉള്ള എതിരഭിപ്രായം പ്രകടിപ്പിക്കുവാൻപോലും സാധിക്കാതിരിക്കുകയാണു .

ശ്രീ. കെ. എം. ജോർജു് : തൊഴിൽമന്ത്രി യാതൊരാവശ്യവുമില്ലാതെ സംസാരിക്കുകയാണു സർ.

(ഇതുയവസരത്തിൽ പല മെമ്പറന്മാരും എഴുന്നേറ്റുനിന്നു പ്രതിഷേധശബ്ദങ്ങൾ പുറപ്പെടുവിച്ചു )

ശ്രീ. മത്തായി മാഞ്ഞൂരാൻ : സംസാരിക്കുവാനുള്ള അവകാശം എനിക്കുണ്ടു്.

മി. സ്പീക്കർ : ഞാൻ ആദ്യമായി ബഹുമാനപ്പെട്ട മന്ത്രി ദിവാകരനെയാണു് സംസാരിക്കാൻ അനുവദിച്ചതു്.

ശ്രീ. മത്തായി മാഞ്ഞൂരാൻ : എനിക്കു് പറയാനുള്ളതു് പറയാൻ അനുവദിക്കണം. അതിനുശേഷം മതി മറ്റെല്ലാം.

**Mr. Speaker :** Hon. Works Minister.

ശ്രീ. ടി. കെ. ദിവാകരൻ : സർ, ഈ നോൺ ഓഫിഷ്യൽ റസല്യൂഷനു് സമയം നിശ്ചയിച്ചിട്ടുള്ളതാണു്. ആ സമയത്തിനകത്തു് കാര്യങ്ങൾ നടക്കേണ്ടതുമാണു്. അതല്ലാതെ മറ്റു കാര്യങ്ങൾ കൂട്ടിക്കുഴച്ചതുകൊണ്ടായില്ല. ഇവിടെ ഉണ്ടായതു് എന്താണു് ? ഒരു പ്രമേയം വന്നു, അതിനു് 75 മിനിട്ടുള്ളതു്. ബാക്കിയുള്ള പ്രമേയത്തിന്റെ സമയവുംകൂടി അതിനു് എടുക്കാമെന്നു സമ്മതിച്ചു. ബഹുമാനപ്പെട്ട സ്പീക്കർ 12.30 ആയപ്പോൾ പതിനഞ്ചു മിനിട്ടുകൂടി എടുക്കാമെന്നു പറയുകയുണ്ടായി. അപ്പോഴും ആരും എതിർപ്പു പ്രകടിപ്പിച്ചില്ല. ഇക്കാര്യത്തിൽ എനിക്കിലും ഒരു എതിരഭിപ്രായം പറയേണ്ടതു് സഭാനേതാവാണു്. സഭാനേതാവു് എതിരഭിപ്രായം പറയാതിരിക്കുന്നിടത്തോളം സഭാനേതാവിന്റെ കക്ഷിയിൽപ്പെട്ട ആളുകളും അതു് അംഗീകരിച്ചിരിക്കുന്നതായാണു് സാധാരണ നിയമസഭാചട്ടങ്ങൾ അനുസരിച്ചു് ഞാൻ മനസ്സിലാക്കുന്നതു്. അതുകൊണ്ടു് ഇക്കാര്യത്തിൽ ഇനി വളരെയധികം ചർച്ചയുടെ ആവശ്യമില്ല. മറ്റു മന്ത്രിമാരുടെ പേരിൽ വന്നിട്ടുള്ള ആരോപണങ്ങളെപ്പറ്റി മറുപടി പറയാൻ ഇനിയും സന്ദർഭമുണ്ടാകും. അതുകൊണ്ടു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി നിർദ്ദേശിച്ചിട്ടുള്ളതുപോലെ ഇക്കാര്യത്തിൽ അഞ്ചു് മിനിട്ടു് ഗവണ്മെന്റു ഭാഗത്തുനിന്നും മറുപടി പറയാൻ വേണമെങ്കിൽ വിട്ടുകൊണ്ടു് ഈ പ്രമേയം അവസാനമായിട്ടു തീരുമാനത്തിനു വിടണമെന്നാണു് എന്റെ കക്ഷിക്കുവേണ്ടി എനിക്കു പറയുവാനുള്ളതു്.

ശ്രീ. മത്തായി മാഞ്ഞൂരാൻ : ഈ പ്രമേയം എടുക്കുന്ന സമയത്തുതന്നെ അതിനെ എതിർക്കുന്നതിനുവേണ്ടി സമയം കിട്ടാൻ അനുവാദത്തിനുവേണ്ടി ഞാൻ പരിശ്രമിക്കുകയുണ്ടായി. അങ്ങു് അതു് നിഷേധിക്കുകയാണുണ്ടായതു്. അതുകൊണ്ടു് സമയദൗർലഭ്യം മൂലം എനിക്കു സമയം നിഷേധിച്ചിരിക്കുന്നതുകൊണ്ടു് പന്ത്രണ്ടരമണിക്കുതന്നെ ഇതു നിർത്താൻ കർശനമായും അങ്ങു് ബാധ്യസ്ഥനായിരുന്നു. അതനുസരിച്ചു് ചെയ്യേണ്ടതായിരുന്നു. എന്റെ അവകാശങ്ങളെ നിഷേധിക്കുകയും അതേ

LIBRARY ARCHIVES Kerala Legislative Assembly

സമയത്തുതന്നെ 12.30-ന മേൽ സമയം നീട്ടിക്കൊണ്ടുപോകുകയും ചെയ്യാൻ പാടില്ല. അതുകൊണ്ട് പന്ത്രണ്ടരയ്ക്കുതന്നെ തീർക്കാൻ അങ്ങ് ബാധ്യസ്ഥനായിരുന്നു. ആ നിലയിൽ ഇനി ഒരു മിനിട്ടുപോലും കൂടുതൽ എടുക്കാൻ സാധ്യമല്ല.

ശ്രീ. കെ. കെ. അബു : ഈ പ്രമേയം ഇവിടെ വന്ന നിലയ്ക്ക് ഇതിന്റെ അവസാന ഭാഗത്തേയ്ക്കു കടക്കുകയോ വോട്ടെടുപ്പ് നടത്തുകയോ ചെയ്യുന്നതിനു ഞങ്ങൾ എതിരല്ല. അങ്ങനെ ചെയ്യണമെന്നതന്നെയാണു അഭിപ്രായം. പക്ഷേ ബഹുമാനപ്പെട്ട സ്പീക്കർ ആരോഗ്യമന്ത്രിയോടു സമയം കൊടുക്കാമെന്നു സമ്മതിച്ചിട്ടുണ്ട്. ഒരാളുടെപേരിൽ ആരോപണം വന്നാൽ ആ ആരോപണത്തെ സംബന്ധിച്ചു ബന്ധപ്പെട്ട വ്യക്തിക്കു വിശദീകരിക്കുവാനുള്ള അവസരം കൊടുക്കാതിരിക്കുന്നതു മര്യാദകേടാണ്, ന്യായരഹിതമാണ്. അതുകൊണ്ടു ഇന്നുതന്നെ ഉച്ചതിരിഞ്ഞു ഇക്കാര്യം ചർച്ച ചെയ്യാൻവേണ്ടി സഭ കൂട്ടുന്നതിനും എനിക്കു വിരോധമില്ല. ബഹുമാനപ്പെട്ട മന്ത്രിക്കു പറയുവാനുള്ളതു മുഴുവനും പറയാനുള്ള അവസരം കൊടുത്തില്ലെങ്കിൽ അങ്ങയുടെ തീരുമാനം ഏകപക്ഷീയമാണെന്നു തോന്നും.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : ഭേദഗതികളും നിർദ്ദേശിച്ചുകൊണ്ടു മറ്റു ഗുരുതരമായ ആരോപണങ്ങളും വന്നിട്ടുള്ളതുകൊണ്ടും ഇതു സാധാരണ ഗതിയിലുള്ള ഒരു അനൗദ്യോഗികപ്രമേയം അല്ലാത്തതുകൊണ്ടും ബഹുമാനപ്പെട്ട മന്ത്രിക്കു ഇതിനെപ്പറ്റിയെല്ലാം പറയാനുള്ളതുകൊണ്ടും അതിനുള്ള സമയം നൽകിക്കൊണ്ടു വളരെ ഭംഗിയായി ചർച്ച നടത്തി ഉചിതമായ തീരുമാനം എടുക്കണമെന്നുമാത്രമേ ഞാൻ ഈയവസരത്തിൽ പറയുന്നുള്ളൂ. ഈ പ്രമേയം വേണ്ട എന്നല്ല ഞങ്ങൾ പറയുന്നതു്. ഞാനും എന്റെ പാർട്ടിയും എന്തുകൊണ്ടു വെല്ലിംഗ്ടന്റെ പേരിലുള്ള അഴിമതിയാരോപണങ്ങളും മാത്രം അന്വേഷണവിധേയമാക്കണമെന്നുള്ള പ്രമേയത്തെ എതിർക്കുന്നു എന്നു വ്യക്തമാക്കാനുള്ള പ്രധാനപ്പെട്ട ചില പ്രശ്നങ്ങളും കൊണ്ടുവരാൻ അനുവാദം നൽകണം.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : ഈ സഭാതലത്തിൽ വന്ന പ്രമേയത്തോടു് അനുബന്ധിച്ചതന്നെ നിരവധി അടിസ്ഥാനരഹിതവും കൃത്രിമവുമായ ആരോപണങ്ങളും ഉന്നയിച്ചിട്ടുണ്ട്. ആ നിലയ്ക്ക് അതൊന്നും സ്പർശിക്കപ്പെടാതെ വളരെ വേഗത്തിൽ പിരിഞ്ഞുപോകാനുള്ള പ്രവണത ആരു കാണിച്ചാലും അതു തെറ്റാണു്. അതുകൊണ്ടു് ഇന്നുതന്നെ ഈ പ്രമേയം പാസ്സാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണു് ഞാൻ അഭ്യർത്ഥിക്കുന്നതു്.

മി. സ്പീക്കർ : ഇതിനെപ്പറ്റി കേൾക്കാനുള്ളതെല്ലാം കേട്ടുകഴിഞ്ഞു. ഈ സന്ദർഭത്തിൽ ഇതു നീട്ടിക്കൊണ്ടു പോകണമെന്നു് എനിക്കു വിചാരമില്ല. ഇപ്പോഴത്തന്നെ ഇതിനെസംബന്ധിച്ചുള്ള അവസാനതീരുമാനം എടുത്താൽ കൊള്ളാമെന്ന അഭിപ്രായഗതിയാണു് ഇവിടെ പ്രബലമായി കാണാൻ സാധിച്ചതു്. കുറച്ചു നേരംകൂടി ഇരിക്കാൻ തീരുമാനിക്കുകയാണെങ്കിൽ എനിക്കു യാതൊരു വിരോധവുമില്ല. അങ്ങനെയൊരു തീരുമാനമെടുക്കുന്നില്ലെങ്കിൽ ഇതു് ഇപ്പോഴത്തന്നെ അവസാനിപ്പിക്കുന്നതാണു്. ബഹുമാനപ്പെട്ട റവന്യൂമന്ത്രിക്കു് ഗവണ്മെന്റിനുവേണ്ടി മറുപടി പറയണമെന്നുണ്ടെങ്കിൽ അതിനുള്ള അവസരം നൽകാം.

ശ്രീ. ബി. വെല്ലിംഗ്ടൺ : എനിക്കു സമയം തരാതെ അതു് അവസാനിപ്പിക്കുവാൻ സാധ്യമല്ല. എന്നെ സംസാരിക്കുവാൻ ദയവുചെയ്തു് അനുവദിക്കണം സർ.

മി. സ്പീക്കർ : ബഹുമാനപ്പെട്ട വെല്ലിംഗ്ടനു് 5 മിനിട്ടു് തരാം. പിന്നെ ഗവണ്മെന്റിനു് മറുപടി പറയാൻ 5 മിനിട്ടു് കൊടുക്കാം. അതിനുശേഷം ഞാൻ അവസാന തീരുമാനം കൈക്കൊള്ളുന്നതാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അതിനെല്ലാംകൂടി സമയമില്ല. അതുകൊണ്ടു് മറ്റൊരു ദിവസത്തേക്കു് നീട്ടിവയ്ക്കണമെന്നാണു് ഞങ്ങൾ പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. ബാലകൃഷ്ണൻ : വേറൊരു ദിവസത്തേയ്ക്കു പോസ്റ്റു ചെയ്യാം.

മി. സ്പീക്കർ : അങ്ങനെ വേറൊരു ദിവസത്തേയ്ക്കു പോസ്റ്റു ചെയ്യാൻ പൊതുവായ അഭിപ്രായ ഐക്യം വേണം. എന്നാൽ അതുണ്ടായിട്ടില്ല. ആ നിലയിൽ അതിനു സാധ്യമല്ല. പൊതുവായ അഭിപ്രായ ഐക്യം ഉണ്ടായിട്ടുള്ളതു് ബഹുമാനപ്പെട്ട വെല്ലിംഗ്ടനു് 5 മിനിട്ടു് സംസാരിക്കുവാൻ സമയം കൊടുക്കണമെന്നുള്ളതിലാണു്.

(അതല്ല, അതല്ല എന്നു് പലരും ഉച്ചത്തിൽ വിളിച്ചുപറഞ്ഞു)

ശ്രീ. എം. കെ. എച്ച്. ഹമീദ് : ഇതിപ്പോഴം നിറുത്തിവച്ചിട്ടു് ഉച്ചകഴിഞ്ഞും വേണമെന്നുണ്ടെങ്കിൽ രാത്രിയിലും ഇരിക്കാൻ ഞങ്ങം തയ്യാറാണു്. ഏതായാലും ഇപ്പോഴം നിർത്തിവയ്ക്കണം. അതു കൂടിയേ തീരൂ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇവിടെ പല മന്ത്രിമാരെ സംബന്ധിച്ചും ആരോപണങ്ങളുണ്ടായിട്ടുണ്ടു്. അവക്കൊന്നും ഇപ്പോഴം മറുപടി പറയാൻ ഇല്ലായിരിക്കാം. പക്ഷേ, എന്താണെന്നു കേഴംക്കാനുള്ള അവകാശം ഞങ്ങഴംക്കുണ്ടു്. അതുപോലെ തന്നെ ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിക്കു് സംസാരിക്കണം. അതുകൊണ്ടാണു് മറൊരു ദിവസത്തിലേക്കു് മാറ്റിവയ്ക്കാൻ പറയുന്നതു്.

തൊഴിൽ കാര്യമന്ത്രി (ശ്രീ. മത്തായിമാഞ്ഞൂരാൻ) : ആരോപണങ്ങഴംക്കു് മറുപടി പറയുകയെന്ന ഒരു പതിവുണ്ടു്. അതു കേഴംക്കാനുള്ള അവകാശം ഞങ്ങഴംക്കുണ്ടു്.

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : സർ, ഇവിടെ ഇപ്പോഴം ആരോപണം ഉന്നയിച്ചിരിക്കുകയല്ല ചെയ്യുന്നതു്. നേരത്തേ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ചു് അന്വേഷണം നടത്തണമെന്നുള്ളതാണു് ഇവിടത്തെ പ്രശ്നം. അതുകൊണ്ടു് അന്വേഷണം നടത്തണമോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ചു് മറുപടി പറയുക എന്നുള്ളതല്ലാതെ മറൊന്നുമില്ല. മറുപടിയെല്ലാം നേരത്തെ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണു്. അന്വേഷണം നടത്തണ്ട എന്നു പറയാൻ വല്ല ന്യായവും ഉണ്ടെങ്കിൽ അതു പറയാം. ഇപ്പോഴം അങ്ങു് ആരോഗ്യമന്ത്രിക്കു് അഞ്ചു മിനിട്ടു് ശ്രദ്ധയുടെ പേരിൽ സംസാരിക്കാൻ കൊടുത്തിട്ടുള്ളതിൽ എനിക്കു വിരോധമില്ല. പക്ഷേ വേറെ ചില മന്ത്രിമാരും ഇവിടെ ആരോപണങ്ങഴംക്കു് ശരവ്യരായിട്ടുണ്ടു്. അതിനെല്ലാം മറുപടിപറയുക എന്ന ഒരു വഴക്കം ഒരു നോൺഒഫിഷ്യൽ ഡേയിൽ സ്വീകരിച്ചാൽ പല വിഷമങ്ങളുമുണ്ടാകും. അതുകൊണ്ടു് ആരോഗ്യമന്ത്രി മറുപടി പറയുന്നതിനുവേണ്ടിയുള്ള സമയത്തെപ്പറ്റി ഞാൻ ചോദ്യം ചെയ്യുന്നില്ല. അതു കഴിഞ്ഞിട്ടു് സർക്കാരിന്റെ മറുപടിക്കുശേഷം ഒരു മണിക്കു തന്നെ നമുക്കു് പിരിയാം.

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ) : സർ, ഇതൊരു സാധാരണ ഗതിയിലുള്ള പ്രമേയമല്ല. സാധാരണ ഗതിയിൽ നോൺ ഒഫിഷ്യൽ റസല്യൂഷൻ എന്ന രീതി സ്വീകരിച്ചുകൊണ്ടു് അതു കൈകാര്യം ചെയ്യുന്നതിനെ സംബന്ധിച്ചാണു് ശ്രീ. സി. എച്ചു്. മുഹമ്മദുകോയ ഇപ്പോഴം പറഞ്ഞതു്. സാധാരണ ഗതിയിൽ ഉള്ളതല്ലാത്തതു കൊണ്ടു് ആണു് മറൊരു ദിവസത്തേയ്ക്കു് മാറ്റിവയ്ക്കണമെന്ന നിലപാടു് ഞങ്ങഴം സ്വീകരിച്ചിട്ടുള്ളതു്.

മി. സ്പീക്കർ : ഇവിടെ ഒരു റസല്യൂഷനാണു് വന്നിരിക്കുന്നതു്. അതിൽ സാധാരണഗതിയും അസാധാരണഗതിയും ഉണ്ടായിരിക്കാം. പക്ഷേ, ഇതിനെപ്പറ്റി ഒരവസാനതീരുമാനം ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. ബഹുമാനപ്പെട്ട എല്ലാ പാർട്ടിനേതാക്കന്മാരുടെയും അഭിപ്രായം ഞാൻ അറിഞ്ഞതിനുശേഷം എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു് ഇപ്പോഴത്തെ അവസാന തീരുമാനം എടുക്കണമെന്നുള്ളതാണു്. ആ നിലയിലാണു് എല്ലാപേരും അല്ലെങ്കിലും മിക്ക

LIBRARY ARCHIVES Kerala Legislative Assembly

വാറുമുള്ള ആളുകളുടെയും അഭിപ്രായഗതി. ഞാൻ ഇപ്പോൾ ബഹുമാനപ്പെട്ട വെല്ലിംഗ്ടനെ സംസാരിക്കാൻ അനുവദിക്കുന്നു. അദ്ദേഹം സംസാരിച്ചതിനു ശേഷം ഞാൻ അവസാന നടപടി സ്വീകരിക്കുന്നതാണു്.

(സാധ്യമല്ല, സാധ്യമല്ല എന്നു് ശ്രീ. സി. കെ. ബാലകൃഷ്ണൻ, ശ്രീ. സി. ബി. സി. വാര്യർ, ശ്രീ. പി. കെ. കുഞ്ഞച്ചൻ, ശ്രീ. പി. കുഞ്ഞൻ തുടങ്ങിയ മെമ്പറന്മാർ എഴുന്നേറ്റു് ഉച്ചത്തിൽ വിളിക്കുന്നുണ്ടായിരുന്നു.)

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : ഇനി ടൈം എക്സ്റ്റൻഡു ചെയ്തുകൊണ്ടു പോകാൻ സാധ്യമല്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ടൈം എക്സ്റ്റൻഡു ചെയ്യണമോ വേണ്ടയോ എന്നുള്ളതു് വോട്ടിനിട്ടു തീരുമാനിച്ചാൽ മതി.

(വോട്ടിനിടുന്ന പ്രശ്നമേയില്ല എന്നു് ഭരണകക്ഷിയിലെ ചില അംഗങ്ങൾ ഉറച്ചു വിളിച്ചു പറയുന്നുണ്ടായിരുന്നു. ആകെ ഒരു ബഹളം)

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : സർ, പ്രമേയം വോട്ടിനിടണം. (ബഹളം)

ശ്രീ. മത്തായിമാഞ്ഞൂരാൻ : അതു സാധ്യമല്ല. ഇവിടെ ഒന്നും ഓർഡറിലല്ല.

മി. സ്പീക്കർ : എല്ലാം ഓർഡറിലാണു്. അല്ലാതെ ഒന്നും ഇല്ല.

(ശ്രീ. സി. കെ. ബാലകൃഷ്ണൻ, ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ, ശ്രീ. ടി. കെ. കൃഷ്ണൻ തുടങ്ങിയവർ "ടൈം കഴിഞ്ഞിരിക്കുന്നു, ഇനി യാതൊരുതരത്തിലും ദീർഘിപ്പിക്കാൻ സാദ്ധ്യമല്ല" എന്നു ഉച്ചത്തിൽ വിളിച്ചു. ശബ്ദമുഖരിതമായിരുന്ന അസംബ്ലിഹാൾ).

**Mr. Speaker :** Mr. Wellingdon, if you would like to speak, you can speak now.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, പന്ത്രണ്ടര മണിക്കു തന്നെ നിർത്തേണ്ടതായിരുന്നു. ഇപ്പോൾ മണി ഒന്നാകുന്നു. ഇനി അൽപ്പം സമയം പോലും നീട്ടാൻ നിവൃത്തിയില്ല.

ശ്രീ. കെ. കരുണാകരൻ : എനിക്കു് ഒരു സബ്മിഷനുണ്ടു്. അങ്ങു് ഒരു റൂളിംഗ് നൽകി. അതനുസരിച്ചു് നടപടി നടക്കണം. ഒരു മണിക്കു് വോട്ടിനിടുമെന്നു് അങ്ങു് റൂളിംഗ് നൽകിയിരിക്കുകയാണു്. റവന്യൂമന്ത്രി മറുപടി പറഞ്ഞാലും ഇല്ലെങ്കിലും ഒരു മണിക്കുതന്നെ വോട്ടിനിടണം. അങ്ങനെ അങ്ങയുടെ റൂളിംഗ് പാലിക്കണം.

(സർവ്വത്ര ബഹളം)

മി. സ്പീക്കർ : ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി സംസാരിക്കട്ടെ.

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ) : സമയം വളരെ കഴിഞ്ഞിരിക്കുകയാണു്. അതുകൊണ്ടു് മറ്റൊരു ദിവസത്തിലേക്കു് മാറ്റിവയ്ക്കണം.

ശ്രീ. കെ. എം. ജോർജ്ജു് : അങ്ങു് പ്രമേയം വോട്ടിനിടണം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അതിനു സാധ്യമല്ല. പന്ത്രണ്ടര മണിക്കു് സഭാനടപടികൾ അവസാനിപ്പിക്കേണ്ടതായിരുന്നു. പന്ത്രണ്ടര മണിക്കു് പ്രമേയത്തിന്റെ ചർച്ച അവസാനിപ്പിച്ചില്ലെങ്കിൽ പിന്നെ നീട്ടിക്കൊണ്ടുപോകാൻ സാധ്യമല്ല.

മി. സ്പീക്കർ : സഭയുടെ അനുവാദത്തോടുകൂടി ടൈം എക്സ്റ്റൻഡു ചെയ്തിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

(ഇല്ല. അങ്ങനെ അനുവാദമൊന്നുമില്ല എന്നു് ചില മെമ്പറന്മാർ വിളിച്ചു പറഞ്ഞു)

ശ്രീ. ടി. കെ. കൃഷ്ണൻ : ഇതു് നിയമവിരുദ്ധമാണു്. സഭയുടെ ഐകകണ്ഠ്യേനയുള്ള തീരുമാനമില്ലാതെ സഭാനടപടികളം നീട്ടിക്കൊണ്ടുപോകാൻ സാധ്യമല്ല.

**Mr. Speaker** : I am sorry Mr. Wellingdon. There is no time for you to speak. Has the Government got to say anything on this ? (Furore)

ശ്രീ. സി. കെ. ബാലകൃഷ്ണൻ : അതുകൊണ്ടു് വോട്ടിനിടുന്ന പ്രശ്നം വരുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പറന്മാരെല്ലാം കൂടി എഴുന്നേറ്റു നിന്നു് ആരെയും സംസാരിക്കാൻ അനുവദിക്കാത്ത ഒരു സ്ഥിതി ഉണ്ടാക്കിയിട്ടു് അവസാനം സമയം തീർന്നുപോയി തീർന്നുപോയി എന്നു പറയുകയാണു്. ഇങ്ങനെയാണു് സമയം മുഴുവനും തീർന്നിട്ടുള്ളതു്.

(അവ്യക്തമായി പലരും പലതും വിളിച്ചു പറയുന്നുണ്ടായിരുന്നു)

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ഈ പ്രമേയത്തെപ്പറ്റി സംസാരിക്കാനുള്ളവരെ മുഴുവൻ സംസാരിക്കാൻ അനുവദിച്ചു് സംശയങ്ങം തീർത്തതിനുശേഷം മാത്രമേ പാസ്സാക്കാൻ പാടുള്ളൂ.

1 P.M.]

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിക്കും മറ്റും സംസാരിക്കാൻ വേണ്ടത്ര സമയം കൊടുത്തിട്ടുണ്ടു്. അദ്ദേഹത്തിനു് മുഴുവൻ പറയാൻ കഴിയാതെവന്നതു് എന്റെ കുറ്റംകൊണ്ടല്ല.

(ഈ സമയം പല അംഗങ്ങളും എഴുന്നേറ്റുനിന്നു് എന്തെല്ലാമോ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു.)

മി. സ്പീക്കർ : ഈ പ്രമേയത്തെക്കുറിച്ചുള്ള ചർച്ച ഇനി നീട്ടിക്കൊണ്ടുപോകുവാൻ പറ്റുകയില്ല.

**Shri C. K. Balakrishnan** : The House is not legally in session.

**Mr. Speaker** : I cannot agree to this. If I do not get any reply from Government I will put the resolution to vote. Has Government anything to say ?

(Uproar)

**One Member** : It cannot be put to vote.

**Shri C. K. Balakrishnan,**
**iShri C. B. Chandrasekhara Warrier:** } The House is not legally in session.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : വോട്ടിനിടാൻ പാടില്ല.

ശ്രീ. ബി. വെല്ലിംഗ്ടൻ : എനിക്കു് സംസാരിക്കണം.

മി. സ്പീക്കർ. : ഒരു മണിയായി. I am going to put the question to vote.

LIBRARY ARCHIVES Kerala Legislative Assembly

(Uproar)

**Mr. Speaker** : I am putting the amendments to vote. Mr. K. Karunakaran, do you press your amendment ?

**Shri K. Karunakaran** : No.

(Uproar)

The amendment was, by leave, withdrawn.

**Mr. Speaker** : Mr. T. K. Ramakrishnan, do you press your amendment ?

(No response)

**Mr. Speaker** : Mr. Camalias Moraes, do you press your amendment ?

(No response)

**Mr. Speaker** : Shri T. A. Majeed, do you press your amendment ?

(No response)

**Mr. Speaker** : Mr. Kunhambu, do you press your amendment ?

(No response)

The amendments, were, by leave, withdrawn.

**Mr. Speaker** : Shri Chandrasekharan Nair, do you press your resolution.

**Shri. E. Chandrasekharan Nair** : I press.

**Mr. Speaker** : Those for, those against. The resolution is passed.

The Resolution was put and carried.

The House will now adjourn and meet again at 8 a. m. on Monday.

The Assembly adjourned at 1.1 p. m. to meet again at 8 a. m. on Monday, the 6th October 1969.

---

LIBRARY ARCHIVES Kerala Legislative Assembly